എറണാകുളം മിസ്സത്തിൽ

10 കൊല്ലംമുമ്പു ഞങ്ങൾ നല്ലിയ സഭക്കുന്നിനുമുള്ള സക്രാരിസിംഹാസനം പുതിയ കല്പനയനുസരിച്ച ഉള്ളിൽ കൽ ഇയ്യേഷനുമുള്ള ഇരുമ്പുസേഫ് ഫിറ്റ് ചെയ്തുകൊടുത്തയ്ക്കുന്നതിനുള്ള

Mgr: Varghese Puduchery — Chengal Bunglow
KALADY P O — 8th March 1965.

I have great pleasure to State that the Tebernacle-safe which we purchased from Mr. A. N T. Joseph Valapad, TRICHUR, is very beautiful and strong It is real iron safe plated with bronze Altogether it has a golden appearance I pray that Mr. Joseph may prosper in his Sacred industries.

(sd) Mgr Varghese Puduchery, Chaplain,
Carmelite Convent, Chengal. KALADY P. O.

Reg: No K. 51

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാരാന്ത്യപ്പതിപ്പ്

	പോസ്റ്റ്പെടി	പോസ്റ്റ്വരി
ഒരു കൊല്ലത്തേയ്ക്ക്	27-00	6-00
6 മാസത്തേയ്ക്ക്	13-50	3-00
1 മാസത്തേയ്ക്ക്	2-25	1-50
ഏജന്റുമാർക്ക് ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് ഒഴികെ		2-10
കറപ്പതി	0-07	0-10

മാനേജർ.

വ്യാപ്തകം 12 | ലക്കം 124 | 1965 മേയ് 12 ബുധൻ | തൃശൂർ | വില 7 പൈസ | പേജ് 4

പ്രസിഡണ്ടു ഭരണമുണ്ടാക്കാൻ ഗവർണർ ക്ഷണിച്ചു

രാജ്യസഭയിൽ കേരളക്കാര്യത്തെപ്പറ്റി മെമ്പർമാരുടെ വിമർശനം

(പി. ടി. ഐ.) ന്യൂഡൽഹി മെ. 11

പ്രസിഡണ്ടു ഭരണത്തിന്റെ ഫലമായി കേരളം സാമ്പത്തികവികസനത്തിൽ ബുദ്ധിമുട്ടുകളും അനുഭവിക്കാതിരിക്കുന്നതിനു കേന്ദ്രഗവണ്മെണ്ടു പ്രത്യേകശ്രദ്ധ ചെലുത്തുന്നതാണെന്നു ആഭ്യന്തരകാര്യങ്ങൾക്കുള്ള സ്റ്റേറ്റു മന്ത്രി മി. ജി. എൽ. ഹാഥി ഇന്നു രാജ്യസഭയിൽ ഉറപ്പു നൽകിയിരിക്കുന്നു.

കേരളത്തിലെ വികസന പദ്ധതികളുടെ ത്വരിത പ്രവർത്തനം ഉറപ്പുവരുത്തുന്നതിനു ആഭ്യന്തരമന്ത്രി, ധനകാര്യമന്ത്രി, ഭക്ഷ്യമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിതല കാബിനറ്റ് സബ്കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്നദ്ദേഹം പറഞ്ഞു.

കേരളത്തിലെ പ്രസിഡണ്ടുഭരണം സംബന്ധിച്ച മാർച്ചു 24ലെ വിജ്ഞാപനം സഭയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു സാസ്കാരികകാര്യമന്ത്രി നൂറുൽ ഹസൻ ഹാഥി. ലോക്സഭ അംഗീകരിച്ചതുപോലെ കേരളത്തിന്നാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം പ്രസിഡണ്ടിനു നൽകുന്ന ഒരു ബില്ലും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ടു്.

ഈ ബില്ലനുസരിച്ചു കേരളത്തിൽ നിന്നുള്ളവരടക്കം 45 പാർലിമെണ്ടംഗങ്ങളടങ്ങിക്കൊള്ളുന്ന ഒരു കമ്മറ്റി രൂപീകരിക്കുന്നതും കേരളത്തിലെ വികസന പദ്ധതികൾക്കു രൂപംകൊടുക്കുന്നതു സംബന്ധിച്ചു അവരുടെ അഭിപ്രായം ആരായുന്നതുമാണെന്നും അദ്ദേഹം സഭക്കറിയിച്ചു.

കേരളത്തിൽ ജനാധിപത്യത്തെ അട്ടിമറിച്ചു

ഫലം എന്തുതന്നെയായാലും ഒരു ഗവണ്മെണ്ടു രൂപീകരിക്കുന്നതു സംബന്ധിച്ചു് അല്പമനസ്സോടെ ആത്മാർത്ഥതയില്ലാതെയുമാണു് കേരളഗവണ്മർ രൂപീകരിച്ചിട്ടുള്ളതെന്നും ജനാധിപത്യത്തെ അട്ടിമറിക്കുന്ന ഒരു നടപടിയാണു് കേരളത്തിൽ കൈക്കൊണ്ടതെന്നും ശ്രീമതി ഗായത്രിദേവിയുടെ സ്വതന്ത്രപാർട്ടിയെപ്പോലുള്ള പ്രതിപക്ഷകക്ഷികൾ ആരോപിച്ചിട്ടുള്ളതിനെ ഖണ്ഡിച്ചുകൊണ്ടു് ഹാഥി പറഞ്ഞു.

കേരളത്തിലെ ഭരണഘടനാപരമായ പ്രതിസന്ധി ഒഴിവാക്കുന്നതിനു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവിനെ ഗവണ്മെണ്ടു രൂപീകരിക്കുന്നതിനു വേണ്ടി ക്ഷണിക്കേണ്ടതായിരുന്നു എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം പരാജയപ്പെടുന്നപക്ഷം രണ്ടാമത്തെ ഭൂരിപക്ഷകക്ഷിയെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിക്കാമായിരുന്നു. സംസ്ഥാനത്തു് ഒരു കൂട്ടുകക്ഷി മന്ത്രിസഭ സംഘടിപ്പിക്കാൻ ജനങ്ങൾക്കു് കഴിയാതിരുന്നതിൽ അദ്ദേഹം ഖേദം രേഖപ്പെടുത്തി.

കേരളീയർ രാജ്യസ്നേഹമില്ലാത്തവരാണെന്നു് ഗവണ്മെണ്ടു കരുതിയിരുന്നതുകൊണ്ടാണു് ഇടതുകമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കുകയും അവരെ തിരഞ്ഞെടുപ്പുകളിൽ മത്സരിപ്പിക്കാതിരിക്കുകയും ചെയ്യുന്നതിനു് പ്രത്യക്ഷ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടതെന്നദ്ദേഹം പറഞ്ഞു.

വികസനപ്രവർത്തനങ്ങളിൽ കേരളം അവഗണിക്കപ്പെട്ടിരിക്കുകയാണെന്ന സംസ്ഥാനത്തെതൊഴിലില്ലായ്മ പ്രശ്നപരിഹരിക്കാൻ പര്യാപ്തമായതു വ്യവസായങ്ങളും അവിടെ ആരംഭിക്കുന്നതിനു് ആഭ്യന്തരമന്ത്രി നടപടികളാരംഭിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിസഭ രൂപീകരിക്കാൻ സാദ്ധ്യതകളുണ്ടായിരുന്നു

കേരളത്തിൽനിന്നുള്ള വലതുപക്ഷ കമ്മ്യൂണിസ്റ്റംഗമായ കെ. ദാമോദരൻ പ്രസിഡണ്ടുഭരണത്തെ എതിർത്തു. പാർലിമെൻറിനോടാലോചിക്കാതെയാണു് വിജ്ഞാപനം പ്രഖ്യാപിച്ചതെന്നദ്ദേഹം കുറ്റപ്പെടുത്തി. ജനാധിപത്യം പുലരുന്നതിൽ മാത്രമല്ല പാർലിമെൻറിന്റെ അവകാശങ്ങളും സംരക്ഷിക്കുന്നതിലും ഇന്ത്യാഗവണ്മെണ്ടു പരാജയപ്പെട്ടിരിക്കുകയാണു്. സി.പി.ഐ. ഭരണഘടനാപരമായി കേരളത്തിൽ മന്ത്രിസഭ രൂപീകരിക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ടായിരുന്നുവെന്നും ദാമോദരൻ പറഞ്ഞു.

കമ്മ്യൂ. ഗറില്ലകൾ ദക്ഷിണവിയറ്റ്നാം പ്രൊവിൻഷ്യൽ ആസ്ഥാനം വളഞ്ഞു

[റോയിട്ടർ] സായ്ഗോൺ മെയ് 11

കമ്മ്യൂ. വിയറ്റ്കോങ്ങ് ഗറില്ലകൾ അമേരിക്കൻ-ദക്ഷിണ വിയറ്റ്നാം സേനകളുടെനേരെ ഒരു വമ്പിച്ച ആക്രമണം നടത്തിയിരിക്കുന്നു. നിരവധി ആഴ്ചകൾക്കുള്ളിൽ നടന്ന ഏറ്റവും കടുത്ത ഈ ആക്രമണത്തിൽ അഞ്ചു് അമേരിക്കക്കാരെങ്കിലും കൊല്ലപ്പെട്ടുകയും പതിനൊന്നുപേരെ് പ്രതിക്കേൽക്കുകയുമുണ്ടായ്തു. ദക്ഷിണവിയറ്റ്നാം ഗവ. സേനകൾക്കുണ്ടായ നഷ്ടം അറിവായിട്ടില്ലെങ്കിലും "ഗണ്യമായ ഒരു സംഖ്യ" വരുമെന്നാണ് പ്രഥമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതെന്നു് ഒരു സൈനികവക്താവ് പറഞ്ഞു.

ഒ. വിയറ്റ്നാമിന്റെ ഒരു പ്രൊവിൻഷ്യൽ ആസ്ഥാനമായ സോങ്ങ്ബേയിൽ നടന്ന ഈ ചിമ്മഖക്രമണം 8 മണിക്കൂർ നീർഘിച്ചു. കഠോര നേരത്തേയ്ക്കു ആസ്ഥാനമന്ദിരം അവർ കയ്യടക്കിവെച്ചു. അമേരിക്കയുടെ വമ്പിച്ച വ്യോമാക്രമണത്തെ തുടർന്നു് അവർ പിന്തിരിഞ്ഞു. ഗറില്ലകൾക്കു നേരിട്ട നാശനഷ്ടങ്ങൾ അറിവായിട്ടില്ല.

ഉപരാഷ്ട്രപതി ഗ്രീസ് സന്ദർശിക്കുന്നു

[പി. ടി. ഐ.) ന്യൂഡൽഹി മെയ് 11

വൈസ് പ്രസിഡണ്ടു് ഡോക്ടർ സക്കീർഹുസ്സയിൻ ജൂൺ ആറു മുതൽ ഗ്രീസിൽ അഞ്ചുദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തുന്നതാണു്.

....

വെടിവെപ്പിൽ മരിച്ചവർ ആറായി

(പി ടി ഐ) ശ്രീനഗർ, മെയ് 11

ഷേക്കിനെ ബന്ധനസ്ഥനാക്കിയതിനെത്തുടർന്നു് ശ്രീനഗറിൽ പ്രതിഷേധപ്രകടനം നടത്തിയ വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ആറായി ഉയർന്നിരിക്കുന്നു.

ഊട്ടിയിലും രക്ഷയില്ല

ഷേക്കുമായി കൂടിക്കാഴ്ച നടത്തിയ ബ്രി പത്രപ്രവർത്തകൻ അറസ്റ്റിൽ

(പി ടി ഐ) കോയമ്പത്തൂർ, മേ. 11

ഇന്നലെ ഷേക്കബ്ദുള്ളായുമായി അദ്ദേഹത്തിന്റെ ഊട്ടിയിലുള്ള ഫോൺഹിൽ ബംഗ്ലാവിൽവെച്ചു കൂടിക്കാഴ്ച നടത്തിയതിനു് അറസ്റ്റ് ചെയ്യപ്പെട്ട ബ്രിട്ടീഷുകാരനായ ടി. സി. ജി. സ്റ്റെയ്സി എന്ന പത്രപ്രവർത്തകനെ പ്രതിനിധി ലൂദിവസത്തെ റിമാന്റിൽ വെയ്ക്കാൻ മൂന്നാംക്ലാസ്സ് മജിസ്ട്രേട്ടു് ഇന്നത്തേയ്ക്കു മാറ്റിവെച്ചിരിക്കുന്നു.

മൂന്നാംക്ലാസ്സ് സൌകര്യങ്ങളോടുകൂടി കോയമ്പത്തൂർ സെൻട്രൽ ജയിലിലാണു് സ്റ്റെയ്സിയെ പാർപ്പിച്ചിരിക്കുന്നതു്.

ഷേക്കബ്ദുള്ളായുമായി സമ്പർക്കം പുലർത്താൻ അനുവാദം നൽകേണ്ടതു് ഊട്ടി കളക്ടരാണു്. താൻ ഷേക്കിന്റെ ഒരു കുടുംബസുഹൃത്താണെന്നും കുറെ വർഷമായി അദ്ദേഹവുമായി ഉറ്റ സമ്പർക്കമുണ്ടെന്നും സ്റ്റെയ്സി തന്നോടു് പറഞ്ഞുവെന്നു് കളക്ടർ എഡ്വി. എം. സിങ്ങു് പി. ടി. ഐ. യെ ടെലഫോണിലൂടെ അറിയിച്ചു.

പക്ഷേ സ്റ്റെയ്സി ഒരു 'ബിസിനസ്' എസ്റ്റാബ്ലിഷ്മെന്റും ലണ്ടനിലുള്ള ഒരു പ്രസിദ്ധീകരണശാലയുടെ മെമ്പറും' ആണെന്നു് അദ്ദേഹത്തിൽനിന്നും പിടിച്ചെടുത്ത പാസ്പോർട്ടിൽ കാണുന്നു.

സ്റ്റെയ്സി താമസിച്ചിരുന്ന ഹോട്ടൽ മുറി കേന്ദ്ര ഇന്റലിജൻസ് ഉദ്യോഗസ്ഥന്മാർ പരിശോധിച്ചുവരികയാണെന്നും കളക്ടർ പറഞ്ഞു.

ശീലക്കുടകൾ

3 ദിവസത്തെ അവധി

(പ്രദർശനത്തിന്റെ പ്രത്യേകം നിബന്ധന)

ഇ. പി. ദേവസ്സി,
മനിസിപ്പൽ റോഡ്
PHONE No 725 തൃശൂർ

THE SOUTH INDIAN BANK LIMITED,

(Regd. Office : TRICHUR)

Gladly announce opening of their 64th branch at

TIRUCHIRAPALLY

TODAY at 10 a. m. at

85-Jaffersa Street, Tiruchirapally-8.

Your valued co-operation is earnestly solicited.

ALL TYPES OF BANKING BUSINESS TRANSACTED.

Shortly opening branches at
ARUPPUKOTTAI, TANJORE, BANGALORE CANTT;
and QUILON

Joseph Chakola, *Chairman, Board of Directors.*

M. C. P. Nambiar, *General Manager.*

ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ സമ്മർ സ്കൂളിന്റെ ഉൽഘാടനം

മോൺ: സഖറിയാസ് വാഴപ്പിള്ളി നിർവ്വഹിച്ചു

തൃശൂർ, മേയ്, 11

കാത്തലിക് ആക്ഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലംതോറും നടത്തിവരാറുള്ള ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ സമ്മർസ്കൂളിന്റെ ഇക്കൊല്ലത്തെ ഉൽഘാടനം വികാരി ജനറാൾ റൈറവ് റവ. മോൺ. സഖറിയാസ് വാഴപ്പിള്ളി ഇന്നു് മെഡലിക്കോട്ടഹാളിൽവച്ചു് നിർവ്വഹിച്ചു.

സിക്രട്ടറി സി. എ. പോൾ സ്വാഗതവും കെ. പി. ഡേവിഡ് നന്ദിയും പറഞ്ഞു. ഇക്കൊല്ലത്തെ സമ്മർസ്കൂളിൽ ഇപ്പോൾ 145 പേർ പങ്കെടുക്കുന്നുണ്ടു്. ഏഴു് പ്രശസ്തപണ്ഡിതന്മാരാണു് പ്രസംഗങ്ങൾ നടത്തുന്നതു്.

മെഡിക്കൽവൈശാസ്ത്രം, വിദ്യാഭ്യാസം, സഭാചരിത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളാണു് പ്രതിപാദിക്കപ്പെടുന്നതു്.

സമ്മർസ്കൂൾ അവസാനത്തിൽ സാഹിത്യപരവും കലാപരവുമായ മത്സരങ്ങൾ നടത്തുന്നുണ്ടു്. മേയ് 16 ാംതീയതി രാവിലെ പ്രസിഡൻസി കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷതയിൽ വാഴ്സിറ്റിസമ്മേളനവും നടക്കുന്നതായിരിക്കും.

ജനറൽ വെസ്റ്റിൻ രാജിസമർപ്പിച്ചു

[റോയിട്ടർ]

സാന്തോ ഡൊമിംഗോ മെ. 11

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ വിപ്ലവവിഭാഗത്തെ എതിർക്കുന്ന അഞ്ചംഗ ജന്തയിൽ തനിക്കുള്ള സൈനികപദവി ബ്രിഗേഡിയർ ജനറൽ വെസ്റ്റിൻ ഇ വെസ്റ്റിൻ രാജിവെച്ചിരിക്കുന്നതായി അമേ. എംബസ്സി അധികൃതർ കഴിഞ്ഞ രാത്രി പ്രസ്താവിച്ചു.

വിപ്ലവമൂലം താറുമാറായ ഈ രാജ്യത്തെ രാഷ്ട്രീയാന്തരീക്ഷം മെച്ചപ്പെടാൻ ഇതു സഹായിക്കുമെന്നു് എംബസ്സി വൃത്തങ്ങൾ പറഞ്ഞു. ഒരു രാഷ്ട്രീയ പരിഹാരത്തിനുവേണ്ടി നടന്നുവരുന്ന ശ്രമങ്ങളെ ഈ രാജി സഹായിക്കുമെന്നാണു് പൊതുവെ വിശ്വസിക്കപ്പെടുന്നതു്.

മണ്ണെണ്ണ വിലനാടൊട്ടുക്കു് തീപ്പിടിച്ച കയറി

മാർക്കറ്റുകളിൽ കാലിടിനുകൊള്ളാൻ മാത്രം—ബോട്ടുഗതാഗതം സ്തംഭിക്കുമോയെന്നു് ഭയപ്പാടു്

(സ്വ ലേ മാർ) തൃശൂർ. മെ. 11

തൃശൂരിലും പരിസരങ്ങളിലും മണ്ണെണ്ണ വില കുതിച്ചുകയറുകയാണെന്നു ഇവിടെ റിപ്പോർട്ടുകിട്ടിക്കൊണ്ടിരിക്കുന്നു.

ഏതാനും ആഴ്ചകൾക്കു് മുമ്പു് ഒരു പ്രാട്ട മണ്ണെണ്ണയ്ക്കു് 9 രൂപ വിലയണ്ടായിരുന്നതു് ഇപ്പോൾ 35 രൂപയിൽ കൂടുതലായി ഉയർന്നിരിക്കുകയാണു്. പരസ്യമാർക്കറ്റിൽ മണ്ണെണ്ണ നാമമാത്രമായേ കാണാനുള്ളു. മിക്ക വ്യാപാരികളും കയ്യിലുള്ള മണ്ണെണ്ണ പൂഴ്ത്തിവെച്ചു കഴിഞ്ഞിരിക്കുന്നു.

ഇന്നു് നഗരത്തിൽ നാട്ടിൻ പുറങ്ങളിൽനിന്നുമെത്തിയ ചില്ലറ വ്യാപാരികൾ ഒന്നോ രണ്ടോ കാലിപ്പാട്ടകളുമായി തന്നെ മടങ്ങുകയാണുണ്ടായതു്. ഇപ്പോഴത്തെ അത്യാവശ്യത്തിനുമാത്രം മണ്ണെണ്ണ കിട്ടുമെങ്കിൽ ചിലർ വില്പന നടത്തിവരുന്നതായി അറിവായിട്ടുണ്ടു്. പൊതുമാർക്കറ്റ് കാലിയാണു്.

മണ്ണെണ്ണ ഹോൾസെയിൽ ഡിപ്പോകളിൽ ഒരു നയാപൈസ രവാലും ക്ഷീണം വാങ്ങുന്നില്ലെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ചാലക്കുടി, ഇരിങ്ങാലക്കുട, കുന്നംകുളം, ചാവക്കാടു്, വടക്കാഞ്ചേരി, ഒല്ലൂർ, പുതുക്കാടു്, കൊടകര തുടങ്ങിയസ്ഥലങ്ങളിൽനിന്നും ഇതു വിധത്തിലുള്ള റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു.

ബോട്ടുഗതാഗതം സ്തംഭിക്കുമോ

എറണാകുളം, മെ. 11

വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ വിലയെത്തുടർന്നു് എറണാകുളം പ്രദേശത്തെ ചില സ്വകാര്യബോട്ടുകാരുടെ ഗതാഗതം നിർത്തിവെച്ചുകൊണ്ടിരിക്കുന്നു് ഇന്നലെ അറിയാൻ കഴിഞ്ഞിരിക്കുന്നു. ബോട്ടുമുതലാളിമാർ കഴിഞ്ഞയാഴ്ച ഇന്നലെ വിലയുടെ മധ്യത്തിൽ പകച്ചുനിൽക്കുകയാണു്. ഈ നിലയിൽ തുടരുകയാണെങ്കിൽ ബോട്ടു് ടാൻഡേർട്ടു് നിറയ്ക്കുകയാണു് നല്ലതെന്നു് അവർക്കഭിപ്രായമുണ്ടെന്നു അറിയാൻ കഴിഞ്ഞു.

കോഴിക്കോട്ടു്

കോഴിക്കോടു്, നഗരത്തിലും പരിസരപ്രദേശങ്ങളിലും മണ്ണെണ്ണ വില കുതിച്ചുകയറുകയാണെന്നു് റിപ്പോർട്ടുകളുണ്ടു്, അവിടേയും വ്യാപാരികളുടെ പക്കയിൽ മണ്ണെണ്ണ സ്റ്റോക്കില്ല. അത്യാവശ്യത്തിനു് ജനങ്ങൾ ബ്ലാക്ക് മാർക്കറ്റുകളെത്തന്നെ ശരണം പ്രാപിക്കുന്നു.

കണ്ണൂരിൽ

കണ്ണൂർജില്ലയിലും മണ്ണെണ്ണ വില വർദ്ധനവു് ഉണ്ടായിട്ടുണ്ടെന്നു് റിപ്പോർട്ടുകളുണ്ടു്. അല്ലാഹചില്ലറ വില്പനകാംക്ഷിമാർക്കറ്റിൽ നടക്കുന്നതായറിയുന്നു എന്നിവയാണു് ആളുകളെ കണ്ടു് വശിയിലിരുത്തിയ ഗവണ്മെണ്ടിനു മുന്നിൽ നാട്ടുകാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പ്രൂണിക്കാണിച്ചിരുന്നതു്.

....

കാളവണ്ടി മരിച്ചു

(സ്വ. ലേ.) തൃശൂർ മെ. 11

ഒരു കാളവണ്ടിയുടമയുടെ പരിക്ഷപരിദേവനത്തിന്റെ താലപര്യത്തിൽ ഇന്നു് തൃശൂർ ജില്ലാ കോടതിയിൽ പ്രവേശിപ്പിച്ചിരുന്ന തലക്കേട്ടു കേസ് ഡിസ്ട്രിക്ട് മുൻസിഫ് (56) എന്നാറു് മരണമടഞ്ഞിരിക്കുന്നു.

....

ആലപ്പുഴയിൽ

ഇവിടെ മണ്ണെണ്ണവില തീപ്പിടിച്ചുകറിയിരിക്കുന്നു. ആലപ്പുഴയിലെ വ്യവസായ പ്രമുഖനായ എസ്സു പോലാറെ ട്രഡ്യാർ ഇന്നലവരിലെമുതൽ റേഷൻകാർഡ്ന്നിനു് 1 ലിറ്റർ മണ്ണെണ്ണ 50 പൈസ വിലയ്ക്കു് വിറ്റഴിക്കുന്നു. കുട്ടികളും സ്ത്രീകളും പുരുഷന്മാരുമെല്ലാം കുപ്പിയും, പാട്ടയുമായി മണ്ണെണ്ണവണ്ടിയുടെ പിന്നാലെ ഓടുന്നതിൽനിന്നുതന്നെ കാണാൻകഴിയുന്നുണ്ടു്. കഡപ്പുറത്തിൽ ഒരു പാട്ടമണ്ണെണ്ണയ്ക്കു് 16 രൂപാ അൻപതു് പൈസ വിലയുണ്ടു്. കുപ്പിനിറക്കു് ഒരു രൂപാവരെ ഇവിടെ വിറ്റഴിക്കുന്നു. പൊതുസേവനത്തിനുവേണ്ടി തൻറെ ലാഭം ഉപേക്ഷിച്ചുകൊണ്ടു് സഹൃദയരായ മനുഷ്യർക്കു് നന്മചെയ്യുവാൻ അദ്ദേഹം ഒരുങ്ങിയപ്പോൾ അവിടെയും ചിലർ മറിമായങ്ങൾ നടത്താൻ ശ്രമിക്കുകയാണു് 10-ഉം 20-ഉം റേഷൻകാർഡുകളുമായി ഈ വിദ്വാന്മാർവന്നു് മണ്ണെണ്ണ കൊണ്ടുപോയി അവകടിയവിലക്കു് വിൽക്കുവാൻവേണ്ടിയാണു് ശ്രമിക്കുന്നതത്രെ.

....

ഒരുദ്യോഗം കൂടി!

(പി ടി ഐ) ഹൈദരബാദ്, മെ 11

ഡോക്ടർ, മിലിറ്ററി ഓഫീസർ, ഗായിക, ലോകസമാധാന ദൌത്യസംഘത്തിന്റെ ദക്ഷിണപൂർവ്വേഷ്യൻ പ്രതിനിധി എന്നിങ്ങനെ വിവിധ ഉദ്യോഗപ്രവർത്തകളിൽ കഴിഞ്ഞ 15 വർഷമായി ജനങ്ങളെ കബളിപ്പിച്ചിരുന്ന കെ. പി. ചൗധരി എന്നൊരാളെ പൊലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു.

അവസാനം പറഞ്ഞ ഉദ്യോഗപേരിൽ ഇയാൾ സ്വയം, ബർമ്മ, മലയാ, മുതലായ രാഷ്ട്രങ്ങളും സന്ദർശിച്ചു് സംഭവനപിരിച്ചതായി പറയപ്പെടുന്നു.

ഇന്ത്യയിൽ മെക്സിക്കൻ കലാപ്രദർശനം

ന്യൂഡൽഹി, മെ. 10

മെക്സിക്കോയുടെ ചിത്രം എന്ന കലാപ്രദർശനം മേയ്—നവമ്പർ കാലത്തു് കൽക്കത്ത, മദിരാശി, ബോംബെ, ഡെൽഹി എന്നിവിടങ്ങളിൽ കാണിക്കുമെന്നു മെക്സിക്കോ ഗവർമ്മെണ്ടിന്റെ നിർദ്ദേശം ഇന്ത്യാഗവർമെണ്ടു് സ്വീകരിച്ചിരിക്കുന്നു. ഈ പ്രദർശനം അടുത്ത ദിവസം ഫിലിപ്പീൻസിൽ പര്യടനം പൂർത്തിയാക്കുകയാണു്.

ഇതനുസരിച്ചു് 40 ടൺ ഭാരം വരുന്ന പ്രദർശനവസ്തുക്കൾ ഇന്ത്യയിൽ എത്തുന്നതാണു്. ചായിച്ചിത്രങ്ങൾ, കല്ലിലെ കൊത്തുപണികൾ, പുരാതനശില്പമാതൃകകളുടെ ചിത്രങ്ങൾ, കരകൗശലവസ്തുക്കൾ എന്നിവ ഇതിൽപ്പെടും. ഒരു ഡയറക്ടറും ഏതാനും കലാകാരന്മാരും പ്രദർശനത്തെ അനുഗമിക്കുന്നുണ്ടു്. ഇന്ത്യയിൽ പ്രദർശനത്തിന്റെ ചുമതല ഇന്ത്യാഗവർമ്മേണ്ടിനുവേണ്ടി ലളിതകലാ അക്കാദമി നിർവ്വഹിക്കുന്നതാണു്.

....

വെടിവെപ്പ് നമ്മുടെ സൈന്യം കനത്ത പ്രഹരം ഏൽപിച്ചു

തുടരുന്നു

ലതിതില്ലാ-ദുമാബാരി പ്രദേശത്തെ വെടിവെപ്പിനെപ്പറ്റി രാജ്യരക്ഷാമന്ത്രി

(പി ടി ഐ) ന്യൂഡൽഹി മെ. 11

ആസ്സാം-കിഴക്കൻ പാകിസ്ഥാൻ അതിർത്തിയിലുള്ള ലതിതില്ലാ-ദുമാബാരി പ്രദേശത്തു് പ്രകോപനരഹിതവും നിരന്തരവുമായ വെടിവെപ്പു നടത്തിയ പാക് സൈനികർക്കു് ഇന്ത്യൻ അതിർത്തി കാവൽസേന നല്ല തിരിച്ചടി നൽകിയെന്നു് രാജ്യരക്ഷാമന്ത്രി ചവാൻ ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

നാലു് പാക്കിസ്ഥാൻകാർക്കു് ഇന്ത്യൻസേന സാരമായ കേടുവരുത്തി. 15-ലധികം പാക്കിസ്ഥാൻകാർ കൊല്ലപ്പെട്ടു.

കഴിഞ്ഞ കുറെ മാസങ്ങളായി ഇന്ത്യൻ അതിർത്തിയുടെ വിവിധഭാഗങ്ങളിൽ പാക്സേന ഇടയ്ക്കിടെ വെടിവെപ്പും സംഘട്ടനങ്ങളും അഴിച്ചുവിട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്നും അവയിലൊന്നാണു് ലതിതില്ലാ-ദുമാബാരി പ്രദേശമെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷം ഫെബ്രുവരി, മാർച്ചു് മാസങ്ങളിലും ഈ പ്രദേശത്തു് വെടിവെപ്പു നടന്നു. പക്ഷേ മാർച്ചു് 29-നു് ഒരു വെടിനിർത്തൽകരാർ പ്രാബല്യത്തിൽ വന്നു. ഒരു മാസത്തെ ശാന്തതയ്ക്കുശേഷം ഏപ്രിൽ 29-നു് അവർ വീണ്ടും പ്രകോപനപരമായ വെടിവെപ്പു് ആരംഭിക്കുകയും അതു് രണ്ടുദിവസത്തോളം തുടരുകയും ചെയ്തു. നമ്മുടെ അതിർത്തിസൈന്യം അവർക്കു് ശക്തിയായ തിരിച്ചടി നൽകുന്നുണ്ടു്.

....

ഒരിടത്തു കമ്മ്യൂ: കൂടി അറസ്റ്റിൽ


(സ്വ. ലേ.] തൃശൂർ മെ. 11

ചൂണ്ടൽ പഞ്ചായത്തു പ്രസിഡണ്ടും ഒരിടത്തുപക്ഷ കമ്മ്യൂ പ്രവർത്തകനുമായ എ. പി. അരവിന്ദാക്ഷനെ രാജ്യരക്ഷാ പട്ടണസരിച്ചു് പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു.

ജമ്മു-കാശ്മീരിനു പ്രത്യേകം കമ്പി-തപാൽ

ന്യൂഡൽഹി, മേ 10

ജമ്മു-കാശ്മീർ സംസ്ഥാനത്തിനു് പ്രത്യേകം കമ്പി-തപാൽ സർക്കിളും രൂപീകരിക്കുന്നതാണെന്നും കേന്ദ്ര-കമ്പി-തപാൽ ഉപദേശകസമിതിയുടെ സമ്പൂർണയോഗത്തിൽ കേന്ദ്ര-വാർത്താ വിനിമയ വകുപ്പുമന്ത്രി ശ്രീ സത്യനാരായൺസിൻഹ പ്രസ്താവിച്ചു. ഒറീസ്സ തുടങ്ങിയ ചെറിയ സർക്കിളുകളുടെ പദവി ഉയർത്തുന്നതിനും നടപടികളും എടുത്തുവരുന്നുണ്ടു്. ജൂൺ അവസാനത്തോടെ സെൻട്രൽ സെക്രിറ്റേറിയറ്റ് പോസ്റ്റ് മാസ്റ്റർ ജനറലിന്റെ ആഫീസ് ഭോപാലിലേയ്ക്കു് മാറ്റുമെന്നു പ്രത്യുശ മന്ത്രി പ്രകടിപ്പിച്ചു. നാഗ്പൂരിനെപ്പോലെ പ്രാധാന്യം നിലനിറുത്തുന്നതിനു് ജബൽപൂരിലെ അഡീഷണൽ ചീഫ് എഞ്ചിനീയറുടെ ആഫീസ് അങ്ങോട്ടു് മാറ്റണമെന്നാവശ്യപ്പെട്ടതിനും പരിഗണിച്ചുവരികയാണെന്നു അദ്ദേഹം പറഞ്ഞു.



പ്രത്യേക തരത്തിൽ തയ്യാറാക്കപ്പെട്ടതു്:
ഗോൾഡൻ ടുബാക്കോ കമ്പനി പ്രൈവറ്റ് ലി. ബോംബെ-56.
ഇത്തരം വ്യവസായത്തിൽ ഭാരതത്തിലെ ഏറ്റവും വമ്പിച്ച സ്ഥാപനം

GT. (P) 632 ML — Greens' Advtg.

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 12_നംനു- ബുധൻ

മണ്ണെണ്ണ

....o....

കേരളത്തിൽ മണ്ണെണ്ണയുടെ വിലക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പ്രൈവറ്റുതടിപങ്ങളിൽ പ്രശോഭിതമായ പട്ടണങ്ങളുടെ നടുക്കുതാമസിക്കുന്നവർ മണ്ണെണ്ണ ക്ഷാമത്തെപ്പറ്റി അത്ര കാര്യമായി മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. വിദ്യുച്ഛക്തിവിതരണം നാട്ടുനുറുങ്ങളിലേക്കുകൂടി വ്യാപിപ്പിച്ചിട്ടുള്ള ഈ അവസരത്തിൽ, ഗ്രാമപ്രദേശങ്ങളിലേയും സാമ്പത്തിക ശേഷിയുള്ളവരെ മണ്ണെണ്ണ ക്ഷാമം അത്ര അലട്ടാറില്ല. എന്നാൽ ഈ രാജ്യത്തെ പാവപ്പെട്ടവന്റെ നില അതല്ല നാട്ടുനുറുങ്ങളിലെ ചെറ്റപ്പുരകളാകമാനം അന്ധകാവൃതമായിത്തീർന്നിരിക്കയാണ്. നമ്മുടെ നാട്ടുനുറുങ്ങളിലെ മനുഷ്യർ, പ്രഭാതംമുതൽ പ്രദോഷംവരെ പാടത്തോ, വ്യവസായശാലയിലോ, മറവല്ലയിടത്തുമോ അദ്ധ്വാനിക്കയായിരിക്കും. അതിൽനിന്നും കിട്ടുന്ന വരുമാനവുമായി സന്ധ്യയ്ക്ക് അങ്ങാടിയിൽച്ചെന്നു സാധനങ്ങളുമായിട്ടായിരിക്കും അവർ വീട്ടിലെത്തുക. കേരളത്തിലെ ബഹുഭൂരിപക്ഷം സാധുക്കളുടെ വീടുകളിലും സന്ധ്യുക്കുശേഷമാണ് ആഹാരസാധനങ്ങൾ പാചകം ചെയ്യപ്പെടുന്നത്. ഈ സമയത്തു് അത്തരം വീടുകളിൽ, ഇരുട്ടിനെ അതിജീവിക്കാനുള്ള ഏകമാർഗ്ഗം മണ്ണെണ്ണവിളക്കുകളാണ്. ഈ മണ്ണെണ്ണക്ഷാമം കാരണം അത്തരത്തിലുള്ള ലക്ഷക്കണക്കിനു കുടുംബങ്ങളനുഭവിക്കുന്ന പ്രയാസം വർണ്ണനാതീതമാണ്.

മണ്ണെണ്ണയ്ക്ക് എങ്ങനെ ഈ വിലവ്യത്യാസവും ക്ഷാമവും സംഭവിക്കുന്നു. സർക്കാരിനെക്കൊണ്ടും് ഇതു നിയന്ത്രിക്കാനാവില്ലേ? മൂന്നനാലു കമ്പനികളാണ് മണ്ണെണ്ണവ്യാപാരം നിയന്ത്രിക്കുന്നവർ. ആ വ്യാപാരികൾ യഥേഷ്ടം കാരണവും കൂടാതെ വിലവർദ്ധിപ്പിച്ചുകൊണ്ടിരുന്നാൽ അവരെനിയന്ത്രിക്കാൻ ഇതു വലിയ പ്രയാസമുണ്ടാക്കുന്ന സ്ഥാനത്തിലാകമാനം വലിയ കമ്പനികളുടെ അംഗീകൃത ഏജൻമാരുണ്ട്. അവരാണ് വിലവർദ്ധിപ്പിക്കുന്നതെങ്കിലും അവരെ പിടികൂടാൻ പ്രയാസമില്ല. എന്നാൽ തൃശ്ശൂർ അങ്ങാടിയിൽ 600 മില്ലിലിറ്ററിന് നൂറ്റിപ്പതിനഞ്ചു (115) പൈസ വിലയിരുന്നതു് ഇപ്പോൾ ഉയർന്നിട്ടുണ്ട്. ഈ വിലക്കയറ്റം സാധനം കിട്ടാനില്ലാത്തതാണ് പരമാർത്ഥം. ഈ സ്ഥിതിക്കനുസരിച്ച് പതിനെട്ട് ലിറ്റർവരുന്ന ഒരു ടൻ മണ്ണെണ്ണയ്ക്ക് മുപ്പത്തിനാലുരൂപാ മുപ്പത്തിനാലു പൈസ [34 rs. 38 paise] കൊടുക്കേണ്ടിവരുന്നു. എത്രയും ആഭ്യന്തരവകുപ്പുമന്ത്രി ചീഫ്സെക്രട്ടറിക്കുവേണ്ടി ഒരു ടിന് മണ്ണെണ്ണയ്ക്ക് മുപ്പതുരൂപയായിരുന്നതു് മുപ്പത്തിനാലു രൂപ മുപ്പത്തിനാലു പൈസയായി ഉയർന്നിട്ടും അതിനെപ്പറ്റി ഗവൺമെന്റ് ക്രിയാത്മകമായി യാതൊന്നും ചെയ്യുന്നില്ലെങ്കിൽ, ഈ ഭരണയന്ത്രം തിരിക്കുന്നവരെ വേറെവല്ല പണിക്കും പറഞ്ഞയയ്ക്കുന്നതാണെന്നാണ് ഞങ്ങൾക്കു നിർദ്ദേശിക്കാനുള്ളതു്.

....o....

റേഡിയോ

മേയ് 12 ബുധൻ
തിരുവനന്തപുരം,
കോഴിക്കോട്ട്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ

കാലത്തു്

6_30 മംഗളവാദ്യം
6_35 പരിപാടി മുഖക്കം
6_40 വാർത്തകം ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകം മലയാളത്തിൽ
7_45 ഗാനപാഠം
8_00 വാർത്തകം ഇംഗ്ലീഷിൽ
8_15 വാദ്യോത്സവം

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകം
12_35 തൊഴിലാളിമണ്ഡലം
1_05 വാദ്യോത്സവം
1_20 വാർത്തകം മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകം ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥാ

രാത്രി

5_30 മുഹമ്മപ്പാട്ടുകൾ
6_00 പ്രാദേശിക പ്രവചനം
6_05 പ്രാദേശികവാർത്തകം
6_15 നാടകഗാനപൂരം
7_00 വാർത്താവലോകനം
7_10 ചലച്ചിത്രഗാനങ്ങൾ
7_30 വാർത്തകം മലയാളത്തിൽ
7_45 സർവ്വകലാശാലാ വിദ്യാർത്ഥികൾക്കുവേണ്ടി
8_00 മലയാളഭാഷണം (ആനന്ദലക്ഷ്മി വെങ്കിട്ടരാമൻ)
8_50 കർണ്ണാടകസംഗീതം
8_45 ഗാനകൗതുകം
8_55 ഇന്നത്തെ ചിന്താവിഷയം
9_00 വാർത്തകം ഇംഗ്ലീഷിൽ
9_15 ഫോക്കസ്
9_30 ഡെൽഹിദർബാർ
9_45 വാദ്യോത്സവം
10_30 വാർത്തകം ഇംഗ്ലീഷിൽ
11_35 സമാപനം

വിവാഹങ്ങൾ

രവീന്ദ്രൻ_രാധാദേവി

ചമ്പക്കുളം മേ. 10

അഡ്വ. എൻ. നാരായണക്കുറുപ്പിന്റെ പുത്രനും, ആലപ്പുഴ തിരുവമ്പാടി ഹൈസ്കൂളിലെ ഒരദ്ധ്യാപകനുമായ രവീന്ദ്രനായരും, വൈക്കം വടയാർ പെരുവള്ളിൽ ഡോക്ടർ ബാലകൃഷ്ണപിള്ളയുടെ പുത്രി കുമാരി രാധാദേവിയും തമ്മിലുള്ള വിവാഹം സമംഗളം നടന്നിരിയ്ക്കുന്നു. സ്വ. ലേ.

ജോസ്_കതീന

പുതുക്കാട് മെയ് 10

കാറളത്തുകാരൻ മാത്തു മകൻ ജോസും ഡേവീസ്സു് എജന്റായ കരേററിക്കാരൻ തോമൻ കതീനയും തമ്മിലുള്ള വിവാഹം 1965 മേയ് 10_നംനു- പുതുക്കാട് സെൻറ് ആൻറണീസ് പള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

ഫ്രാൻസീസ്_ആനി

ഔസേപ്പു-മറിയം

ചെവ്വൂർ-കല്ലേരി റപ്പായി മകൻ ഫ്രാൻസീസും മംഗലത്തു കാളപാപ്പൻ പൈലി മകനും ആനിയും മംഗലത്തുകാളപാപ്പൻ പൈലി ഔസേപ്പും (വരന്റെ രൂപിച്ചി) ചെവ്വൂർ കല്ലേരി റപ്പായി മകനും മറിയവും തമ്മിലുള്ള വിവാഹബന്ധത്തിനുള്ള ചെവ്വൂർ പള്ളിയിൽവച്ചു നടന്നിരിക്കുന്നു. സ്വ. ലേ.

എൽസി_പൌലോസ്

അവിട്ടത്തൂർ, മെ. 11

ചിറാലിപ്പള്ളി തൊമ്മാന അന്തോണിമകനും എൽസിയും മേലൂർ മഞ്ഞളി കണ്ണമ്പിള്ളി അന്തപ്പൻ പൌലോസും തമ്മിലുള്ള വിവാഹം അവിട്ടത്തൂർ പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

....

യാത്രയയപ്പുകൂടം

കല്ലോറകര മെയ് 10

കല്ലോറകര ഇൻഫൻറ് ജീസസ് ലോവർ പ്രൈമറി സ്കൂളിൽ 40 കൊല്ലത്തോളം അദ്ധ്യാപകനായി ജോലി ചെയ്തശേഷം ഉദ്യോഗത്തിൽനിന്നും റിട്ടയർ ചെയ്ത സി. രാമൻമേനോൻ മാസ്റ്റർക്ക് പൂർവ്വവിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും വകയായി ഒരു യാത്രയയപ്പ് നല്കിയിരിക്കുന്നു.

അതു സംബന്ധിച്ച് സ്കൂൾ ഹാളിൽ കൂടിയ പൊതുയോഗത്തിൽ സ്കൂൾ മാനേജർ റവ. ജോസ് അക്കരക്കാൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീ ടി. കെ. ആന്റണി സ്വാഗതം പറഞ്ഞു. പൂർവ്വവിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും വകയായി ഒരു മംഗളപത്രം എം. കെ. റാഫേൽ വായിച്ചു സമർപ്പിച്ചു. മെ. ടി. കെ. പൈലപ്പൻ, ടി. ഡി. മത്തു, പി. എ. ഷാഹുൽ ഹമീദ് എന്നിവർ പ്രസംഗിച്ചു. ശ്രീ രാമൻമേനോൻ മാസ്റ്റർ സമുചിതമായി മറുപടിപറഞ്ഞു. യോഗത്തിൽ വെച്ച് ഒരു പണക്കിഴി സമ്മാനിക്കുകയുണ്ടായി എന്നതു് പ്രസ്താവയോഗ്യമാണ്.

(സ്വ. ലേ)

തൃശ്ശൂർ മെ. 10

ക്രൈസ്തവേതര പോസ്റ്റ് മാസ്റ്റർ പി. എം. മൂസ്സ തൻറെ മൂന്നരപ്പതിറ്റാണ്ടുനീണ്ട സ്തുത്യർഹമായ സേവനത്തിനുശേഷം കുറിയച്ചിറ പോസ്റ്റാഫീസിലേയ്ക്കു് സ്ഥലം മാറിപോകുന്നതു സംബന്ധിച്ച് സ്റ്റാഫുകളും ഇന്നലെ അദ്ദേഹത്തിനു് ഹൃദ്യമായ ഒരു യാത്രയയപ്പ് സൽക്കാരം നൽകപ്പെട്ടിരിക്കുന്നു.

ഇതോടനുബന്ധിച്ച് ചേന്നയാത്രയയപ്പ് യോഗത്തിൽ രാഘവയ്യർ (ഡിവിഷൻ പോസ്റ്റൽ സൂപ്രണ്ട്) ശ്രീധരൻ [പോസ്റ്റൽ ഇൻസ്പെക്ടർ] ടി. കെ. രാമൻ (റിട്ടയേഡ് ഡെപ്യൂട്ടി കളക്ടർ) ടി. കെ. രാമൻ (ക്ലർക്ക്) എം. ഡി. ഫ്രാൻസീസ് തുടങ്ങിയവർ മൂസ്സയുടെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് സംസാരിക്കുകയുണ്ടായി.

തനിക്കു നൽകിയ യാത്രയയപ്പിനു് ശ്രീ മൂസ സമുചിതമായി മറുപടി പറഞ്ഞു.

തുടർന്ന് ഗ്രൂപ്പ് ഫോട്ടോയും തേയിലസൽക്കാരവും മറ്റുമുണ്ടായിരുന്നു.

....

കേരളയിൽനിന്നു് കേരളത്തിലേയ്ക്കു് _ 10

തൊഴിലാളികൾക്കും കർഷകർക്കും നീതി ലഭിക്കണം

പ്രിയ സുഹൃത്തുക്കളെ, മദ്ധ്യഭാഗത്തെ ഉദ്യോഗാരായ എതിരാളികളെ കണ്ടിട്ട് നിങ്ങൾ ഭയപ്പെടേണ്ട_ഏറ്റവും വലിയ ശക്തിയിരിക്കുന്നതു്. ദൈവത്തിലാണ്. ആ സർവ്വശക്തനെ ഹൃദയപൂർവ്വം സ്നേഹിച്ചും ഭജിച്ചും ധർമ്മസമരംനടത്തിയ ഒരു യോദ്ധാവും തോറ്റിട്ടില്ല.

ഫാദർ വടക്കൻ

ദുർബലനായ എന്നെ പാവങ്ങളുടെ വിനീത സമുദ്ധാരകനായി തെരഞ്ഞെടുത്ത ആ ദയാനിധി, ഞാൻ ചൊരിയുന്ന കണ്ണീർകണ്ടു് കരളലിഞ്ഞു്, എന്റെ സഹപ്രവർത്തകർക്കു് അവിടുത്തെ മൃദുല ഹൃദയത്തിൽ അഭയംകൊടുക്കുമെന്നു് ഞാൻ ശരണപ്പെടുന്നു.

കഷ്ടകതൊഴിലാളി പ്പാർട്ടിയും 'തൊഴിലാളി'പത്രവും വ്യക്തമായ ഒരു ആദർശത്തെ മുൻകൊപ്പിടിച്ചുണ്ടു് മുന്നോട്ടുനീങ്ങുന്നതെന്നു അറിയുന്നതിൽ ഞാൻ വളരെയധികം സമാധാനിക്കുന്നു. പാവപ്പെട്ട കർഷകർക്കും തൊഴിലാളികൾക്കും നീതിലഭിക്കാനുള്ള ഒരേയൊരു ധർമ്മസമരത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നതു്. നമ്മുടെ അണിയിൽ ഒരു പിടി പ്രവർത്തകരേയുള്ളൂ. മദ്ധ്യഭാഗത്ത് എല്ലാ സ്ഥാപിത താല്പര്യക്കാരും ഒത്തുചേർന്നിരിക്കുന്നു. ദൈവം ആരുടെഭാഗത്താണോ അവർ ജയിക്കും. നമ്മുടെ ഭാഗത്തു എന്നും ഒരുപിടി ആളുകളേ ഉണ്ടായിരുന്നുള്ളൂ. ശത്രുനിര പതിനഞ്ചിരട്ടിയ്ക്കു് ശക്തമായിരുന്നു.

എങ്കിലും അതു കാക്കപ്പൂരത്തു ചിതറുന്നതും തകരുന്നതും നാം കണ്ടു ഇങ്ങനെ സംഭവിച്ചതു് നമ്മുടെ യാന്ത്രികശക്തികൊണ്ടല്ല, സാക്ഷാൽ ദൈവശക്തിയാണ് ഇളകി പ്രവർത്തിച്ചതു് ഇന്നും ദൈവസഹായം സിദ്ധിക്കുന്നതുകൊണ്ടുതന്നെയാണ് നമ്മുടെ വ്യക്തിപരമായ ജീവിതത്തിനില്പായിരുന്നു. ധാരാളം കറന്നുകളും കറവുകളും തെറ്റുകളും വീഴ്ചകളുമുള്ള തമ്മിൽ എന്തുകൊണ്ടു് ആ സർവ്വശക്തൻ കനിഞ്ഞെന്നു് വിനയപൂർവ്വം നാം ആരായേണ്ടതാണു് മറ്റൊരുത്തരംകൊണ്ടുമല്ല, നമ്മുടെ സാമൂഹികവീക്ഷണത്തിലും ജനസേവനതാല്പര്യത്തിലും കളങ്കമുണ്ടായിരുന്നില്ല എന്നാവും ദൈവത്തിന്റെ തീരുമാനത്തിനു കാരണമായിരിക്കുക. അതുകൊണ്ടുതന്നെ അഭിമാനിക്കുന്നു. കേരളത്തിലെ ഏക സാമൂഹിക പരിവർത്തനപ്രസ്ഥാനമാണ് നമ്മുടേതു്. കമ്മ്യൂണിസ്റ്റുകളും സാമൂഹിക പരിവർത്തനത്തിനാണ് പ്രവർത്തിക്കുന്നതു് കർഷകരും തൊഴിലാളികളും മനുഷ്യോചിതമായി ജീവിക്കാനുതകുന്ന ഒരു പുതിയ സമ്പദ്വ്യവസ്ഥയാണ് അവരുടെ ലക്ഷ്യമെങ്കിലും ദൈവത്തിന്റെ അനന്തശക്തിയിൽ കമ്മ്യൂണിസം വിശ്വസിക്കുന്നില്ല. അങ്ങനെ ഒരു ശക്തി ഇല്ലെന്നാണ് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണം. തന്മൂലം അവർക്ക് പ്രാർത്ഥിക്കാനറിയുകയില്ല.

ഞാൻ വിശ്വസിക്കുന്നു

കഷ്ടക_തൊഴിലാളി പ്പാർട്ടിയുടെ ഭരണഘടന ഞാൻ ശ്രദ്ധിച്ച വായിച്ചിട്ടുണ്ടു്. ദൈവത്തിൽ വിശ്വസിക്കുന്നവർക്കേ ആ സംഘടനയിൽ അംഗത്വം ലഭിക്കയുള്ളൂ എന്നു് അസന്ദിഗ്ദ്ധമായി അതിൽ കുറിച്ചിട്ടുണ്ടു്. സാധാരണ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഭരണഘടനയിലും കാണാത്ത ഒരു വാചകമാണു്. ഈ വാചകം വെറും 'ഒരു വാചക'മായി നാം സ്വീകരിച്ചതല്ല. കെ. ടി. പി. യിലെ സകല പ്രവർത്തകരും ഈ വാചകത്തിനെറെ അർത്ഥത്തെപ്പറ്റി ആഴത്തിൽ ചിന്തിച്ചിട്ടുള്ളവരാണ്.

മലയോരത്തു കുടിയിറക്ക സംഘട്ടനപ്പിച്ച മന്ത്രി ചാക്കോ ആമലയോരത്തു കിടന്നു പിടഞ്ഞമരിച്ചു. കൊട്ടിയൂർ കർഷകരെ വഴിയാധാരമാക്കാൻ നോക്കിയ മന്ത്രി വേലപ്പൻ വഴിയിൽവെച്ചു് രക്തഛർദ്ദിച്ചു് കണ്ണടച്ചു. കർഷകലക്ഷങ്ങളുടെ ഒരു സങ്കടഹാജി സ്വീകരിക്കാൻ സന്നദ്ധനാകാതിരുന്ന 'ജനാധിപത്യ മുഖ്യമന്ത്രി'യായിരുന്ന പട്ടം സകലജനാധിപത്യ വഴക്കങ്ങളെയും ലംഘിച്ചു് സ്വന്തം കക്ഷിയെ വഞ്ചിച്ചു് പഞ്ചാബിലേക്കു് പലായനംചെയ്യുന്നതു നാംകണ്ടു. മൂന്നാർ_കുറ്റിത്തോട്ടിലെ കർഷകരെ ചേരയിലും കണ്ണാറിലുംമുക്കി പൊട്ടിച്ചിരിച്ചുനടന്ന തച്ചു് മുത്ത ശകുനം തന്റെ അനന്തരാളികളും ഉണ്ടാക്കുമായി ചിന്നിച്ചിതറിപ്പോയി. അധികാരമൂർത്ത കോൺഗ്രസ്കാർ കസേരയിൽനിന്നിറങ്ങേണ്ടിവന്നു ഇന്ത്യൻ നാഷനൽ കോൺഗ്രസിനെ കോളച്ചിക്കാൻ നോക്കുന്നവർ സഭാദ്രോഹികളും സമുദായദ്രോഹികളുമാണെന്നു 1962_ൽ വിധിയെഴുത്തു നടത്തിയ അവിടികസത്തമന്മാർ 1965_ൽ അതേ കോൺഗ്രസിനെ കൊമ്പുകുത്തിക്കാൻ അഹോരാത്രം കൂടെനിന്നു് ആഹാപനംചെയ്യേണ്ടിവന്നു. കോൺഗ്രസിനെതിരായി ഒരു പുതിയ രാഷ്ട്രീയപ്പാർട്ടി ഉണ്ടാക്കുന്നതു് കമ്മ്യൂണിസത്തെ വളർത്തും എന്ന തൊണ്ണകാരി പ്രസംഗിക്കുകയും എഴുതുകയുംചെയ്തിരുന്നവർ കോൺഗ്രസിനെതിരായി ഒരു രാഷ്ട്രീയപ്പാർട്ടി ഉണ്ടാക്കി നാടുനീളെ കാടിനടക്കുകയാണിന്നു്. ദൈവത്തിന്റെ ശക്തകരങ്ങൾ ഇനിഎന്തൊക്കെ പ്രവർത്തിക്കുമെന്നു ആരുകണ്ടു? ഉറപ്പിനവർ വെള്ളംകടിച്ചേ മതിയാകൂ.

കമ്മ്യൂണിസ്റ്റ് പാർട്ടി

ദൈവശക്തിയെ നിഷേധിക്കുകയും നിന്ദിക്കുകയുംചെയ്ത കമ്മ്യൂണിസ്റ്റ്പാർട്ടിക്കും അതിന്റെ നേതാക്കൻമാർക്കും എന്തൊക്കെ സംഭവിച്ചുവെന്നും നുക്കറിയാം. റഷ്യൻ കമ്മ്യൂ. പാർട്ടി സ്റ്റാലിന്റെ ശവമാന്തി എങ്ങോ വലിച്ചെറിഞ്ഞിരിക്കുകയാണ്. ആ 'ധീരകൃത്യം'ചെയ്ത ക്രൂഷ്ചേവ് ചതുരംഗപോലെ'ജീവിച്ചിരിക്കുന്നു!! ലോകംമുഴുവൻനിരീശ്വര കമ്മ്യൂണിസംപരത്താൻ പുറപ്പെട്ട റഷ്യയും ചൈനയുംകീരിയുംപാമ്പുംപോലെയായിട്ടുണ്ട്. ഏഴാംപടകൊണ്ടും എട്ട്പടകൊണ്ടും ലോകമാകെ സ്വാധീനിക്കുവാൻ നോക്കിയ അമേരിക്കൻ സാമ്രാജ്യത്വം കൈതെറ്റിയായി ലോകരാഷ്ട്രങ്ങളുടെ സകല കണ്ണിലും പൊടിച്ചിട്ട് ഞാണിനിരക്കുമേലെന്നതോന്നിപ്പിച്ചുകൊണ്ടു് ഇന്നു നിൽക്കുന്ന ഒരുതരീക്ഷമാണ് പൊതിഞ്ഞുനിൽക്കുന്നതു്.

പ്രിയസുഹൃത്തുക്കളേ, മദ്ധ്യഭാഗത്തെ മഹാശക്തികളെണ്ടു് നിങ്ങൾഭയപ്പെടേണ്ട. ഏറ്റവും വലിയ ശക്തിയിരിക്കുന്നതു് ദൈവത്തിലാണ്. ആ സർവ്വശക്തനെ ഹൃദയപൂർവ്വം സ്നേഹിച്ചും ഭജിച്ചും ധർമ്മസമരംനടത്തിയ ഒരു യോദ്ധാവും തോറ്റിട്ടില്ല.

വിശുദ്ധ

കെ. ടി. പി. യിലെ കത്തോലിക്കരായ സുഹൃത്തുക്കളോടു് ഒരുകാര്യം പ്രത്യേകം ഞാൻ പറയട്ടെ. കുറെ അച്ചന്മാരും മെത്രാന്മാരും നിങ്ങളെനോക്കി കണ്ണുരുട്ടുന്നതു കാണുമ്പോൾ നിങ്ങൾ പരിഭ്രമനസ്സരാകരുതു്, ക്രിസ്തുനാഥൻ നിങ്ങളെനോക്കി പുഞ്ചിരികൊള്ളുന്നകാലത്തോളംആരുഞ്ചാന്മാരുടെയുംമെത്രാന്മാരുടെയും കണ്ണുരുട്ടലുകൊണ്ടു് ഒരു വിലയും നിങ്ങൾ കല്പിക്കേണ്ടതില്ല. ജോൺപാഫ് ആക്കിനെ ചുട്ടകരിച്ചവർ ഈ 'അച്ചന്മാരും മെത്രാന്മാരും' ആണ്. കുറെ കഴിഞ്ഞപ്പോൾ ക്രിസ്തുനാഥൻ അവിടുത്തെ മാതികാധരംവടിത്തി പ്രഖ്യാപിച്ചു, ആ പെൺകുട്ടി ഒരു വിശുദ്ധയായിരുന്നു വെന്നു്.

എനിക്കു് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം പലരും പലതരം കത്തുകളും അയച്ചിരുന്നു. അവയിലൊന്നിലെ ഉള്ളടക്കം ഇതായിരുന്നു. "തെരഞ്ഞെടുപ്പിൻറെ ഫലം ഞായറാഴ്ച കാലത്തു് ഞാൻ വേദ സുറിയാനിപ്പള്ളിയിൽ കുർബ്ബനകാണാൻപോയി. അവിടത്തെ അച്ചൻ ചെയ്ത പ്രസംഗത്തിന്റെ വൃത്തക്കം കേരള കോൺഗ്രസ്സിനെ ജയിപ്പിക്കണമെന്നായിരുന്നു. ഉച്ചതിരിഞ്ഞു് എറണാകുളത്തെ ഒരു ലത്തീൻ പള്ളിയിൽപോയി, ആ അച്ചൻ എണ്ണപറയുന്നവനെന്നറിയാൻ. അദ്ദേഹം ആഹ്വാനം ചെയ്തതു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ജയിപ്പിക്കാനായിരുന്നു. ഈ അച്ചന്മാർ അന്ധാന്ധരായുള്ള സൗകര്യങ്ങൾ ആധ്യാത്മികശാസനം പോലെ ഈ വിധം പരസ്പരവിരുദ്ധമായി പറഞ്ഞു നടക്കുന്നതിൽ വിശ്വസിക്കാം എന്തുചെയ്യും? സൂര്യനായിക്കാരുടെ ക്രിസ്തുകേരളാ കോൺഗ്രസ്സിന്റെ ഭാഗത്തും ലത്തീൻകാരുടെ ക്രിസ്തു നാഥനൽകോൺഗ്രസ്സിന്റെ ഭാഗത്തുമാണെന്നു് ഞാനെന്നെ വിശ്വസിക്കും" ഒരു പക്ഷേ അല്പം അതിശയോക്തികലർന്ന ഭാഷയിലാവാം ആ ചെറുപ്പക്കാരൻ ഇങ്ങനെ എഴുതിയതു്. എന്നുവരികിലും പള്ളിയിലെ പ്രസംഗവേദികളെ ചില വൈദികർ കേരള കോൺഗ്രസ്സ് പ്രചരണത്തിനും മാത്രം ചില വൈദികർ നാഷനൽ കോൺഗ്രസ്സ് പ്രചരണത്തിനും ഉപയോഗിച്ചുവെന്നു് അക്കാര്യം ഒരാളോടു പറഞ്ഞാൽ അയാൾ നാണിച്ചുപോകുന്നതരത്തിലുള്ള കാര്യങ്ങളാണ്. നിങ്ങൾക്കു് ഇഷ്ടമുള്ളവരെ സ്വീകരിക്കുന്നതിനും ഇഷ്ടമുള്ളവരെ തിരസ്കരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്. അങ്ങനെയുള്ള നിങ്ങൾക്കു് ഒരു വിലയും നിങ്ങൾ കല്പിക്കേണ്ടതില്ല. ജോൺപാഫ് ആക്കിനെ ചുട്ടകരിച്ചവർ ഈ 'അച്ചന്മാരും മെത്രാന്മാരും' ആണ്. കുറെ കഴിഞ്ഞപ്പോൾ ക്രിസ്തുനാഥൻ അവിടുത്തെ മാതികാധരംവടിത്തി പ്രഖ്യാപിച്ചു, ആ പെൺകുട്ടി ഒരു വിശുദ്ധയായിരുന്നു വെന്നു്.

എനിക്കു് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം പലരും പലതരം കത്തുകളും അയച്ചിരുന്നു. അവയിലൊന്നിലെ ഉള്ളടക്കം ഇതായിരുന്നു. "തെരഞ്ഞെടുപ്പിൻറെ ഫലം ഞായറാഴ്ച കാലത്തു് ഞാൻ വേദ സുറിയാനിപ്പള്ളിയിൽ കുർബ്ബനകാണാൻപോയി. അവിടത്തെ അച്ചൻ ചെയ്ത പ്രസംഗത്തിന്റെ വൃത്തക്കം കേരള കോൺഗ്രസ്സിനെ ജയിപ്പിക്കണമെന്നായിരുന്നു. ഉച്ചതിരിഞ്ഞു് എറണാകുളത്തെ ഒരു ലത്തീൻ പള്ളിയിൽപോയി, ആ അച്ചൻ എണ്ണപറയുന്നവനെന്നറിയാൻ. അദ്ദേഹം ആഹ്വാനം ചെയ്തതു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ജയിപ്പിക്കാനായിരുന്നു. ഈ അച്ചന്മാർ അന്ധാന്ധരായുള്ള സൗകര്യങ്ങൾ ആധ്യാത്മികശാസനം പോലെ ഈ വിധം പരസ്പരവിരുദ്ധമായി പറഞ്ഞു നടക്കുന്നതിൽ വിശ്വസിക്കാം എന്തുചെയ്യും? സൂര്യനായിക്കാരുടെ ക്രിസ്തു കേരളാ കോൺഗ്രസ്സിന്റെ ഭാഗത്തും ലത്തീൻകാരുടെ ക്രിസ്തു നാഥനൽകോൺഗ്രസ്സിന്റെ ഭാഗത്തുമാണെന്നു് ഞാനെന്നെ വിശ്വസിക്കും" ഒരു പക്ഷേ അല്പം അതിശയോക്തികലർന്ന ഭാഷയിലാവാം ആ ചെറുപ്പക്കാരൻ ഇങ്ങനെ എഴുതിയതു്. എന്നുവരികിലും പള്ളിയിലെ പ്രസംഗവേദികളെ ചില വൈദികർ കേരള കോൺഗ്രസ്സ് പ്രചരണത്തിനും മാത്രം ചില വൈദികർ നാഷനൽ കോൺഗ്രസ്സ് പ്രചരണത്തിനും ഉപയോഗിച്ചുവെന്നു് അക്കാര്യം ഒരാളോടു പറഞ്ഞാൽ അയാൾ നാണിച്ചുപോകുന്നതരത്തിലുള്ള കാര്യങ്ങളാണ്. നിങ്ങൾക്കു് ഇഷ്ടമുള്ളവരെ സ്വീകരിക്കുന്നതിനും ഇഷ്ടമുള്ളവരെ തിരസ്കരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്. അങ്ങനെയുള്ള നിങ്ങൾക്കു് ഒരു വിലയും നിങ്ങൾ കല്പിക്കേണ്ടതില്ല. ജോൺപാഫ് ആക്കിനെ ചുട്ടകരിച്ചവർ ഈ 'അച്ചന്മാരും മെത്രാന്മാരും' ആണ്. കുറെ കഴിഞ്ഞപ്പോൾ ക്രിസ്തുനാഥൻ അവിടുത്തെ മാതികാധരംവടിത്തി പ്രഖ്യാപിച്ചു, ആ പെൺകുട്ടി ഒരു വിശുദ്ധയായിരുന്നു വെന്നു്.

എനിക്കു് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം പലരും പലതരം കത്തുകളും അയച്ചിരുന്നു. അവയിലൊന്നിലെ ഉള്ളടക്കം ഇതായിരുന്നു. "തെരഞ്ഞെടുപ്പിൻറെ ഫലം ഞായറാഴ്ച കാലത്തു് ഞാൻ വേദ സുറിയാനിപ്പള്ളിയിൽ കുർബ്ബനകാണാൻപോയി. അവിടത്തെ അച്ചൻ ചെയ്ത പ്രസംഗത്തിന്റെ വൃത്തക്കം കേരള കോൺഗ്രസ്സിനെ ജയിപ്പിക്കണമെന്നായിരുന്നു. ഉച്ചതിരിഞ്ഞു് എറണാകുളത്തെ ഒരു ലത്തീൻ പള്ളിയിൽപോയി, ആ അച്ചൻ എണ്ണപറയുന്നവനെന്നറിയാൻ. അദ്ദേഹം ആഹ്വാനം ചെയ്തതു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ജയിപ്പിക്കാനായിരുന്നു. ഈ അച്ചന്മാർ അന്ധാന്ധരായുള്ള സൗകര്യങ്ങൾ ആധ്യാത്മികശാസനം പോലെ ഈ വിധം പരസ്പരവിരുദ്ധമായി പറഞ്ഞു നടക്കുന്നതിൽ വിശ്വസിക്കാം എന്തുചെയ്യും? സൂര്യനായിക്കാരുടെ ക്രിസ്തു കേരളാ കോൺഗ്രസ്സിന്റെ ഭാഗത്തും ലത്തീൻകാരുടെ ക്രിസ്തു നാഥനൽകോൺഗ്രസ്സിന്റെ ഭാഗത്തുമാണെന്നു് ഞാനെന്നെ വിശ്വസിക്കും" ഒരു പക്ഷേ അല്പം അതിശയോക്തികലർന്ന ഭാഷയിലാവാം ആ ചെറുപ്പക്കാരൻ ഇങ്ങനെ എഴുതിയതു്. എന്നുവരികിലും പള്ളിയിലെ പ്രസംഗവേദികളെ ചില വൈദികർ കേരള കോൺഗ്രസ്സ് പ്രചരണത്തിനും മാത്രം ചില വൈദികർ നാഷനൽ കോൺഗ്രസ്സ് പ്രചരണത്തിനും ഉപയോഗിച്ചുവെന്നു് അക്കാര്യം ഒരാളോടു പറഞ്ഞാൽ അയാൾ നാണിച്ചുപോകുന്നതരത്തിലുള്ള കാര്യങ്ങളാണ്. നിങ്ങൾക്കു് ഇഷ്ടമുള്ളവരെ സ്വീകരിക്കുന്നതിനും ഇഷ്ടമുള്ളവരെ തിരസ്കരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്. അങ്ങനെയുള്ള നിങ്ങൾക്കു് ഒരു വിലയും നിങ്ങൾ കല്പിക്കേണ്ടതില്ല. ജോൺപാഫ് ആക്കിനെ ചുട്ടകരിച്ചവർ ഈ 'അച്ചന്മാരും മെത്രാന്മാരും' ആണ്. കുറെ കഴിഞ്ഞപ്പോൾ ക്രിസ്തുനാഥൻ അവിടുത്തെ മാതികാധരംവടിത്തി

ന്യൂയോർക്കിലും മോസ്കോയിലും

നെഹ്റു പ്രദർശനങ്ങൾ

ജവഹർലാൽ നെഹ്റുവിന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും കുറിച്ച് ന്യൂയോർക്കിലും മോസ്കോയിലും ഇയ്യിടെ നടന്ന പ്രദർശനങ്ങളെ അദ്ദേഹം ഏതു രാജ്യത്തിനുവേണ്ടി അവസാന കൗൺസ് ശേഷിവരെ ചെലവഴിച്ചുവോ ആ രാജ്യത്തിന്റെ ചരിത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. ജനാധിപത്യം, സോഷ്യലിസം, വ്യക്തിയുടെ കഴിവുകളോട് ബഹുമാനം, സമാധാനപരമായ മാറ്റത്തിൽ ഉറച്ച വിശ്വാസം, ഈ യുഗത്തിന്റെ സാങ്കേതിക പ്രാധാന്യത്തെക്കുറിച്ച് ബോധം ഉണ്ടാക്കി ഇന്ത്യൻ മനോഭാവത്തിന്റെ ഭാഗീഭാവമായിത്തീർന്നിട്ടുള്ള അദ്ദേഹത്തിന്റെ ചിന്താസരണികളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു, ലോകത്തിലെ എല്ലാ രാജ്യങ്ങളുമായും സൌഹാർദ്ദത്തിൽ വർത്തിക്കാനുള്ള ആത്മാർത്ഥവും ആഗാധവുമായ ആഗ്രഹവും, അന്താരാഷ്ട്രീയ സമാധാനത്തിലും സഹവർത്തിത്വത്തിലും ഉറച്ച വിശ്വാസവും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു, ഈ പ്രദർശനങ്ങളുടേയും ഉദ്ദേശ്യം. ഈ ലക്ഷ്യത്തോടെ അവ നെഹ്റു യുഗത്തിന്റെ ചരിത്രവും, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയുടെ നേട്ടങ്ങളും നയങ്ങളും, ലോകത്തിലെ എല്ലാ രാജ്യങ്ങളുമായും സൌഹാർദ്ദത്തിൽ വർത്തിക്കാനുള്ള ആത്മാർത്ഥവും ആഗാധവുമായ ആഗ്രഹവും, അന്താരാഷ്ട്രീയ സമാധാനത്തിലും സഹവർത്തിത്വത്തിലും ഉറച്ച വിശ്വാസവും ചിത്രീകരിച്ചു.

ന്യൂയോർക്കിലെ പ്രദർശനം അമേരിക്കൻ വൈസ്-പ്രസിഡണ്ടു് മി. ഹ്യൂബർട്ട് ഹംഫ്രി ജനുവരി 28-ാംതീ- ഗംഭീരമായ യൂണിയൻ കാർണഖെഡ് കെട്ടിടത്തിൽ ഉദ്ഘാടനം ചെയ്തു. 1200 ചിത്രങ്ങളും അനേകം ശിൽപങ്ങളും ഉപയോഗിച്ച് നെഹ്റുവിനെ സ്നേഹിക്കുന്നവരുടെയും മനുഷ്യന്റെയും അദ്ദേഹത്തിന്റെ രാജ്യത്തിന്റെയും കഥ പറയാൻ പ്രദർശനം ശ്രമിക്കുകയുണ്ടായി. ഇന്ത്യയുടെ ഏറ്റവും വാചാലനായ വ്യവഹർത്താവു് നെഹ്റുവായിരുന്നതിനാൽ അദ്ദേഹത്തിന്റെ വാക്കുകളും പ്രദർശനത്തിൽ ധാരാളമായി ഉപയോഗിക്കപ്പെട്ടു. കറുപ്പുവെച്ചിരുന്ന ആപ്പുവ്വുവസ്ത്രങ്ങളിൽ, നെഹ്റു ജയിലിൽവെച്ച് എഴുതിയ ഡയറികളും കട്ടിക്കാലത്തു് വായിച്ചിരുന്ന പുസ്തകങ്ങളും നെഹ്റുവിന്റെ വിവാഹവേളയിൽ ഉപയോഗിച്ച കഷ്യന്മേലും ഉൾപ്പെടുന്നു



ന്യൂയോക്ക് നെഹ്റുപ്രദർശനം അമേരിക്കൻ ജനത നോക്കിക്കാണുന്നു



നെഹ്റുവിന്റെ ജീവിതവും പ്രവർത്തനവും സംബന്ധിച്ച ചിത്രങ്ങൾ മോസ്കോ നെഹ്റു പ്രദർശനത്തിൽ

നെഹ്റുകുടുംബത്തിന്റെ പല ചിത്രങ്ങളും ഇടംപ്രഥമമായി പ്രദർശിപ്പിക്കപ്പെട്ടു. 1890 ഏപ്രിൽ 14-ാംതീ, അമ്മയുമായി പ്രായമുള്ളപ്പോൾ നെഹ്റുവും ആയയും ചേർന്നുള്ള അദ്ദേഹത്തിന്റെ ആദ്യചിത്രമാണ് ഇതിലൊന്ന്. പ്രദർശനം നാലുവിഭാഗങ്ങളായി തിരിച്ചിരുന്നു. ജയിൽ പവിലിയൻ, വിവാഹപവിലിയൻ, പരിതൃവിഭാഗം എന്നിവയാണ് ഏറ്റവുമധികം ജനങ്ങളെ ആകർഷിച്ചതു്. പ്രദർശനത്തിന്റെ അവസാനംവെച്ചിരുന്ന, നിർമ്മാണത്തിലിരിക്കുന്ന ഒരു ഇന്ത്യൻ അണക്കെട്ടിന്റെ ഭീമാകാരമായ ചിത്രം, നെഹ്റു മുഴുമിപ്പിക്കാതെ വിട്ടുപോയ പണിയുടെ പ്രതീകമായി നിലകൊണ്ടു.

പ്രധാനമായും, ഇതോ-സോവിയറ് സാമ്പത്തിക സഹകരണത്തിന്റെ പത്തു വർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച മോസ്കോ പ്രദർശനം സോവിയറ് ഉപപ്രധാനമന്ത്രി മി. ഡി. പോളിയാൻസ്കി ഫെബ്രുവരി 9-ാംതീ- ലെനിൻ ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്തു. 300 ഫോട്ടോകളും വണ്ണചിത്രങ്ങളുംകൊണ്ട് നെഹ്റുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും ചിത്രീകരിക്കാനും അദ്ദേഹത്തിന്റെ കാലഘട്ടങ്ങളുമായി അവയെ ബന്ധപ്പെടുത്താനുമാണ് അവിടത്തെ ശ്രമം. വിപ്ലവാത്മകമായ ഈ മാറ്റത്തിനും രൂപംകൊടുക്കുന്നതിൽ അദ്ദേഹത്തിന്റെ സംഭാവനയും, ഇന്തോ-സോവിയറ് സൌഹൃദത്തിന്റെ പ്രതീകമായി നെഹ്റുവിനെ ചിത്രീകരിക്കുന്നതായിരുന്നു. രണ്ടു രാജ്യങ്ങളുടേയും സഹകരണം കൃഷി, വ്യവസായം, സാങ്കേതികശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ ഉളവാക്കിയ വ്യക്തമായ ഫലങ്ങളായിരുന്നു ഇതിലെ പ്രതിപാദ്യം. സോവിയറ് ജനതയുടെയിടയിൽ അദ്ദേഹം നേടിയ പ്രിയം വിശദമാക്കുന്ന ചിത്രങ്ങളും ഉണ്ടായിരുന്നു. നെഹ്റു ഒരു പ്രാവിനു പറ്റിക്കുന്ന വലിയ ചിത്രം അദ്ദേഹത്തിന്റെ സമാധാനവാഞ്ഛ വിളിച്ചു പറയുന്നതായിരുന്നു.

—o—

കത്തോലിക്കരും കലകളും

(2-ംപേജിൽ നിന്നു തുടർച്ച)

ത്തുമുണ്ടോ? അതോടു് അറിയണമല്ലോ....'' എന്നതു് ഈ കത്തിനു മറുപടി കൊണ്ടു മറുപടി പറയുകയാണു പ്രധാനമായും ചെയ്തതു്. (അദ്ദേഹം അതു സംഭവിച്ചതായി ചൂണ്ടിക്കാണിച്ചതായി ഞാൻ വിശ്വസിക്കുന്നില്ല.)

ദൈവാലയ പരിസരങ്ങളിൽ യാതൊരുവിധ കലാപ്രകടനങ്ങളും പാടില്ലെന്നു നിരോധനാജ്ഞ ഉണ്ടായിരിക്കുന്നതിനെ ശ്രീ ഉലകംതറ ആക്ഷേപിക്കുന്നു; ശ്രീ വി. ചാക്കോ അനുമോദിക്കുന്നു. രണ്ടു പേക്ഷം അവരവരുടെ ചിന്താഗതി വച്ചു പുലർത്തുവാൻ സ്വാതന്ത്ര്യമുണ്ടല്ലോ. ദൈവാലയ പരിസരങ്ങളും വൈദിക മേലധ്യക്ഷന്മാരുടെ അധികാരത്തിനു വിധേയമാകയാൽ, അവിടത്തെ പരിപാടികളും നിയന്ത്രിക്കുവാൻ അവക്കു പരിപൂർണ്ണമായ അധികാരമുണ്ടു്. 'പള്ളിപ്പുരപാടികളും നിയന്ത്രിക്കുവാൻ ഒരു മതാധ്യക്ഷനു പാടില്ലെന്നോ' യൊ ശ്രീ ചാക്കോ ചോദിക്കുന്നു. പാടുണ്ടു്. തീച്ചയായും പാടുണ്ടു്. ആ നിരോധനാജ്ഞ അനുസരിക്കുവാൻ കാരോ കത്തോലിക്കനും ബാധ്യതയുമുണ്ടു്. അതു് അധികാരത്തിന്റെ കാര്യമാണു്. വിവേകത്തിന്റെ കാര്യമല്ല. പള്ളിപ്പുരിസരങ്ങളിൽ കലാപരിപാടികളും നിരോധിക്കുന്നതു ബുദ്ധിപൂർവ്വമാണോയെന്നു ചോദിച്ചാൽ അതിനുള്ള മറുപടി അധികാരത്തിലില്ലാ സ്ഥിതി ചെയ്യുന്നതു്.

മാർഗം നടക്കുന്ന കാര്യങ്ങൾ, കണ്ണു തുറന്നു കാണുന്നവർക്കു മാത്രമേ ബുദ്ധിപൂർവ്വമായ തീരുമാനങ്ങളെടുക്കുവാൻ സാധിക്കുകയുള്ളു. മതപരമായ ചടങ്ങുകളിൽ വന്നു സംബന്ധിക്കുന്നവരുടെ സംഖ്യ ചുരുങ്ങിച്ചുരുങ്ങി വരുമ്പോൾ മതേതര ചടങ്ങുകളിലും കമ്മ്യൂണിസ്റ്റു പരിപാടികളിലും സംബന്ധിക്കുന്നവരുടെ സംഖ്യകൂടിക്കൂടി വരുന്നു. എന്തുകൊണ്ടാണു്? കമ്മ്യൂണിസ്റ്റു പരിപാടികളിൽ സംബന്ധിക്കുവരൊക്കെ മതവിരോധികളോ കമ്മ്യൂണിസ്റ്റനുഭാവികളോ അല്ല. മതപരമായ ചടങ്ങുകളിൽ വന്നു സംബന്ധിക്കാത്തവരൊക്കെ മതനിഷേധികളുമല്ല. ദൈവം നിറഞ്ഞ ജീവിത വ്യാകുലതകളിലേർപ്പെട്ടിരിക്കുന്ന മനുഷ്യർ അല്പം ഉല്ലാസംആഗ്രഹിച്ചു പോകുക സാധാരണമാണു്. കമ്മ്യൂണിസ്റ്റുകാരുടെ കലാപരിപാടികൾക്കു് ആ ഉല്ലാസം നല്കുവാൻ കഴിയുന്നു; ജനങ്ങളെ അങ്ങോട്ടു് ഓടിച്ചെല്ലുകയും ചെയ്യുന്നു.

പക്ഷേ കമ്മ്യൂണിസ്റ്റുകാർ കലാപരിപാടികളിലൂടെ അവരുടെ ആദർശ പ്രചരിപ്പിക്കുന്നു; അത്തരം പ്രചരണം ജനഹൃദയങ്ങളിൽ ആഞ്ഞിറങ്ങുമെന്നു് അവക്കറിയാം. കത്തോലിക്കർക്കു് അങ്ങനെ ജനഹൃദയങ്ങളെ ആകർഷിക്കുന്നതിനോ, ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനോ സാധിക്കുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ സ്പോക വസ്തു ആയുധമാണെന്നു കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നു. ലോകത്തിലേക്കും അധികമായുള്ള പണവും പ്രതപ്രയോഗവുമാണെന്നു കത്തോലിക്കനും വിശ്വസിക്കുന്നു. അതുകൊണ്ടാണു് ജനങ്ങളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നതിനുള്ള മാർഗങ്ങൾ കമ്മ്യൂണിസ്റ്റുകാർ തേടുമ്പോൾ, ആധുനിക രംഗമില്ലെങ്കിലും നാമമാത്രാധികാരമുള്ള മണിമാന്ദിരങ്ങളും മതിലകത്തു് കത്തോലിക്കർ കരുതുന്നതു്. പള്ളിപ്പുരിസരങ്ങളിൽ കലാപരിപാടികളും പാടില്ലെന്നു നിരോധിക്കുവാൻ വൈദികമേലദ്ധ്യക്ഷന്മാർക്കു് അധികാരമുണ്ടു്. ആ നിരോധനം നടപ്പിൽ വരികയും ചെയ്യുമെങ്കിൽ, കത്തോലിക്കർ കലാപരിപാടികളും കണ്ടുകൂടെന്നു നിരോധിക്കുവാൻ ആർക്കും സാധ്യമല്ലാതാകും. അത്തരത്തിലുള്ള ഒരു നിരോധനത്തിനു് അത്തഴമൂണ കടലാസിന്റെ വിലപോലും ഇല്ലെന്നു് അനുഭവം തെളിയിക്കുകയും ചെയ്യുന്നു.

കലാപരിപാടികളെ നിരോധിച്ചുകൊണ്ടുള്ള ഇടയ ലേഖനങ്ങളും 'ആടിന്റെ സംരക്ഷകൻ' അനുകമ്പതോന്നിയതുകൊണ്ടും' ഇറക്കിവിട്ടതാണെന്നാണു് ശ്രീ വി. ചാക്കോ പറയുന്നതു്. ആയിരിക്കാം. കരുത്ത ആടുകൾ എവിടേയും ഉണ്ടല്ലോ. അതു മനസിലാക്കികൊണ്ടായിരിക്കണം, 'തലവേദനയ്ക്കു് തലവെട്ടുകയോ' എന്ന ശ്രീ ഉലകംതറ ചോദിച്ചതു്. 'അശ്ലീലങ്ങളും മതവിരുദ്ധങ്ങളുമായ കലാപ്രകടനങ്ങളും മതവിരുദ്ധങ്ങളുമായ കലാപ്രകടനങ്ങളെ നിരോധിക്കുകയും അവയ്ക്കുപകരം സ്വർഗീയങ്ങളും മതാനുകൂലങ്ങളുമായ കലാപരിപാടികളും ധാരാളമായി ദൈവാലയ പരിസരങ്ങളിൽ നടപ്പാക്കുകയും ചെയ്തിരുന്നെങ്കിൽ സ്വഭാവസംസ്കരണത്തിനു് അല്പമെങ്കിലും കഴമ്പുണ്ടെന്നു സമ്മതിക്കാമായിരുന്നു.

അശ്ലീലങ്ങളും മതവിരുദ്ധങ്ങളുമായ കലാപ്രകടനങ്ങളും ദൈവാലയപരിസരങ്ങളിൽവച്ചുകണ്ടാൽ സ്വഭാവസംസ്കരണം തകരാറിലാകുന്ന കുട്ടികളും അതു ദൈവാലയപരിസരങ്ങൾക്കു പുറമെവെച്ചുകണ്ടാൽ കഴപ്പുമില്ലായെന്നാണോ അഭിപ്രായം? അതാണല്ലോ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. കലാപ്രകടനങ്ങളും കാണുവാൻ കൂടുകൂട്ടുള്ള കത്തോലിക്കർ, അവയുള്ള കമ്മ്യൂണിസ്റ്റു യോഗങ്ങളിൽ സംബന്ധിക്കുകയും, കമ്മ്യൂണിസ്റ്റുകലാപ്രകടനങ്ങൾകണ്ടു തൃപ്തരാകുകയും ചെയ്യുന്നു. അശ്ലീലങ്ങളും മതവിരുദ്ധങ്ങളുമായ കലാപ്രകടനങ്ങളെ നിരോധിക്കുകയും അവയ്ക്കുപകരം സ്വർഗീയങ്ങളും മതാനുകൂലങ്ങളുമായ കലാപരിപാടികളും ധാരാളമായി ദൈവാലയ പരിസരങ്ങളിൽ നടപ്പാക്കുകയും ചെയ്തിരുന്നെങ്കിൽ സ്വഭാവസംസ്കരണത്തിനു് അല്പമെങ്കിലും കഴമ്പുണ്ടെന്നു സമ്മതിക്കാമായിരുന്നു.

—

ഗർഭസ്ഥശിശുവും നീതിന്യായകോടതിയും

ഗർഭിണിയായ ഒരു സ്ത്രീ. അവർ റോഡിലൂടെ നടന്നുപോകുകയായിരുന്നു. ദഹിക്കവെച്ചു് ഒരു കാർവന്നു് അവരുടെ മേൽ ഇടിക്കുന്നു. അവക്കു് പരിക്കേല്ക്കുന്നു. ഗർഭസ്ഥശിശുവിനും ക്ഷതം പറ്റിയതായും അവക്കു് നഷ്ടപരിഹാരം ആവശ്യപ്പെടാം. അവക്കുവേണ്ടി കിട്ടുകയും ചെയ്യും.

എന്നാൽ ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ കാര്യമോ? അപകടംമൂലം വല്ല ദോഷവും സംഭവിച്ച വിധത്തിലാണു് ജനിക്കുന്നതെങ്കിൽ അവനും (അല്ലെങ്കിൽ അവൾക്കും) കോടതിയിൽ നഷ്ടപരിഹാരത്തിനു കേസ്സുകൊടുക്കാൻ കഴിയുമോ? 'ഇല്ല' എന്നായിരുന്നു ഏതാനും വർഷം മുമ്പുവരെ ഇതിനുള്ള ഉത്തരം. എന്നാൽ ഇപ്പോൾ സ്ഥിതി മാറിവരികയാണു്. ഗർഭത്തിലിരിക്കുമ്പോൾ സംഭവിച്ച അപകടത്തിനു നഷ്ടപരിഹാരം തേടാനുള്ള ശിശുവിന്റെ അവകാശത്തെ ലോകത്തിന്റെ പല ഭാഗങ്ങളിലും നീതിന്യായക്കോടതികൾശരിവെക്കാൻ തുടങ്ങിയിരിക്കുന്നു. ഗർഭസ്ഥനായ ശിശുവിന്റെ അവകാശങ്ങൾ അംഗീകരിക്കുന്നതിനോ, അതിനുള്ള മറുപടി അധികാരത്തിലില്ലാ സ്ഥിതി ചെയ്യുന്നതു്.

ഈ വിധത്തിലുള്ള സൗജന്യങ്ങളും സഹായങ്ങളും പൊതുജനാവിൽനിന്നു് കിട്ടിയിട്ടും ഇവിടത്തെ കായൽ രാജാക്കന്മാർ ലെവി അടക്കാതിരിക്കുന്നതിനേയും അവരുടെ നിവേദനങ്ങളെ പരിഗണിച്ചു് ലെവിയിൽ വരുത്തിയ ഇളവിനേയും ഔചിത്യം എതുവിധത്തിലും മനസ്സിലാക്കുന്നില്ല. ഇമ്മാതിരി പണം പൊതുജനാവിൽനിന്നു കർഷകരെ ൽകുന്നതിനാൽ ലെവിയൽ വരുത്തിയിരിക്കുന്ന ഈ കുറവു് തികച്ചും ഇവിടത്തെ ഭക്ഷ്യക്ഷാമത്തിനും വിലവർദ്ധനവിനും ഉപശാന്തിയായുകയില്ല തീച്ച.

ജോസഫ് പൂത്താ (ജൂനിയർ)

....

പാക് ആക്രമണത്തിൽ പ്രതിഷേധം

തളിപ്പറമ്പ് മെ. 10

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും അഖണ്ഡതക്കും എതിരായി പാക്കിസ്ഥാൻ നടത്തുന്ന നഗ്നമായ ആക്രമണത്തിൽ പ്രതിഷേധിക്കുന്നതിനും, രാജ്യത്തിന്റെ രക്ഷക്കു് വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും ചെയ്യുന്നതിനുമായി ഒരു പ്രമേയം ഇന്നു വൈകുന്നേരം കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു പ്രത്യേക യോഗം അംഗീകരിച്ചിരിക്കുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയുണ്ടാകുന്നതിനെ സംബന്ധിച്ചും ഈ യോഗം ചർച്ചചെയ്തു. ഇതിനെതിരായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു.

—

ആസ്സാമിലെ റെയിൽ അനിശ്ചിതകാല പാക്കു പരിശീലനം ലഭിച്ച മിസോകൾക്കും പങ്കുണ്ടത്രെ

ന്യൂഡൽഹി മെ. 10

ഏപ്രിൽ 30-ാം തീയതി സിൽച്ചാറിൽ ഉണ്ടായ റെയിൽവേ അട്ടിമറിയുടെ പിന്നിൽ പാക്കിസ്ഥാനിൽ പരിശീലിപ്പിക്കപ്പെട്ട മിസോ കലാപകാരികളുടെ കരത്ത കൈകളുണ്ടായിരുന്നുവെന്നു് അറിയുന്നു. ആസ്സാമിൽനിന്നും ഒരു സന്യാസിവേഷധാരിയായ പാക്കു് ചാരനെ പിടിച്ചിട്ടിയ സംഗതി ഈ അവസരത്തിൽ സ്മരണീയമാണു്.

പട്ടാളക്കാരെ കയറിയ നാലു ബോഗികളും ഈ ടെയിനിലുണ്ടായിരുന്നു. ഒരു ഇലക്ട്രിക് ഉപകരണം പാളത്തിനടിയിൽ ഘടിച്ചുവെച്ച് ടെയിൻ മറിക്കയായിരുന്നു പരിപാടി.

ആസ്സാമിൽ വർദ്ധിച്ചവരുന്ന മുസ്ലീം ജനസംഖ്യ ഒരു പക്ഷെ വൻതോതിലുള്ള ഒരു അട്ടിമറിക്കു് ഇടകൊടുത്തേക്കാമെന്നു ചില സംസ്ഥാന കോൺഗ്രസ് നേതാക്കൾ പ്രസ്താവിക്കയുണ്ടായി. മിസ്സോകളും നാഗാകലാപകാരികളും ചേർന്നു നടത്തുന്ന അട്ടിമറികൾക്കു് പാക്കിസ്ഥാന്റെ മുഴുവനായ എല്ലാ സഹായവും ലഭിക്കുന്നുണ്ടെന്നും കരുതപ്പെടുന്നു.

(യു. പി. എസ്.)

—

ഹോംസെക്രട്ടറിയും ഉദ്യോഗസ്ഥ മേലധികാരികളും അനാഥമന്ദിരം സന്ദർശിച്ചു

[സ്വ ലേ] ചങ്ങനാശ്ശേരി, മെ 9

ഇന്നലെ ഉച്ചകഴിഞ്ഞു് 3-40-നു് കേരളാഹോം സെക്രട്ടറി കൊച്ചുകോശി സെൻറ് ജോസഫൈൻസ് അനാഥശാലയന്ദർശിച്ചിരിക്കുന്നു. അദ്ദേഹത്തോടൊന്നിച്ചു ജയിൽ ഐ. ജി, ശ്രീ. വി. രാഘവൻ നായർ കോട്ടയം. ഡി. ഐ. ഏസ്. പി, ചങ്ങനാശ്ശേരി തഹസീൽദാർ ശ്രീ ജനാർദ്ദനൻ നായർ എന്നിവരും ഉണ്ടായിരുന്നു. അനാഥാലയകവാടത്തിൽ എത്തിയ ശ്രീ. കൊച്ചുകോശിയെ അനാഥാലയത്തിലെ ഒരന്തേവാസിയായ ബേബി മേഴ്സി ഒരു ബൊക്കൊ നൽകി സ്വീകരിച്ചു. അനാഥാലയത്തിൽ എത്തി അവിടെ ഉണ്ടായിരുന്ന എല്ലാ കുഞ്ഞുങ്ങളേയും കൊച്ചുകോശിയും പാട്ടിയും വിളിച്ചുകാണുകയും അവരുടെ ക്ഷേമങ്ങളെപ്പറ്റി ആരായുകയും ചെയ്തു അനാഥാലയത്തിലെ കൊച്ചുകലാകാരിയായ ബേബി മേഴ്സിയുടെ നൃത്തം ആസ്വദിക്കുകയും ചെയ്തു. ഉടൻതന്നെ സെൻറ്റ് വിൻസെൻറ് ഡിപോൾ അഗതിമന്ദിരത്തിലെ അന്തേവാസികളായ വയോവൃദ്ധരേയും മാറാരോഗികളായ കുഞ്ഞുങ്ങളേയും കാണുകയും ശ്രീ കൊച്ചുകോശി അവരുമായി കുശലപ്രശ്നങ്ങൾ ചെയ്യുകയും ചെയ്തു. ശ്രീ. കൊച്ചുകോശിയേയും പാർട്ടിയേയും സെൻറ് ഫ്രാൻസിസ്സേവിയേഴ്സ് അനാഥാലയത്തിലെ അന്തേവാസികളായ കുഞ്ഞുങ്ങൾ ഗാനങ്ങൾ ആലപിച്ചു സ്വീകരിച്ചു. സെൻറ് ജോസഫൈൻസ് അനാഥാലയവും സെൻറ് വിൻസെൻറ്ഡിപോൾ അഗതിമന്ദിരവും നടത്തുന്നതു് സെൻറ് ഫ്രാൻസിസ്സേവ്യർ സന്ന്യാസിനി [ക്ലാര] കളാണു്.

....

ശാസ്ത്രിയെ കാത്തിരിക്കുന്നു വെന്നു് റഷ്യൻവൃത്തങ്ങൾ

(പി. ടി. ഐ.] മോസ്കോ മെ. 11

മെയ് 12-നു് ആരംഭിക്കുന്ന പ്രധാനമന്ത്രി ശാസ്ത്രിയുടെ റഷ്യൻ സന്ദർശനത്തെ തങ്ങൾ വളരെ പ്രധാന്യപൂർവ്വം വീക്ഷിക്കുന്നതായി റഷ്യൻ വൃത്തങ്ങൾ സൂചിപ്പിച്ചിരിക്കുന്നു.

—

ആക്ഷേപങ്ങളും ആവശ്യങ്ങളും

പുളിംകുന്ന്-കണ്ണാടി തോടിനു് പാലം അനുവദിക്കണം

പുളിംകുന്നും പുല്ലുവേലിയും തമ്മിൽ വേർതിരിക്കുന്ന മീനച്ചിലാറ്റിൽ ഒരു പാലം ഇല്ലാത്തതു് ഏറ്റവും ശോചനീയമാണു്. വിദ്യാർത്ഥികളും രോഗികളും ഒരു പാലം ഇവിടെ അനുവദിക്കണമെന്നു് വീണ്ടും വീണ്ടും മുമ്പിപ്പിക്കുകയാണു്. ഇവിടത്തെ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഈ തോടുമൂലം ഈവർഷം വ്യത്യസ്തരായ കൂട്ടികളാണു് ക്ലാസ്സിൽ പൊയ്ക്കൊണ്ടിരുന്നതു്. ഈ അവധിക്കാലത്തെങ്കിലും ഈ തോടിനു് ഒരു പാലം കെട്ടുമെന്നു് കരുതി. പക്ഷേ പാലം ഇതുവരേയും കണ്ടില്ല. ഇതിനെപ്പറ്റി പല പ്രാവശ്യം ഇവിടത്തെ പഞ്ചായത്തുമെമ്പരുടെ പക്കൽ പരാതി ബോധിപ്പിച്ചിട്ടുണ്ടു്. അവർ യാതൊരു നടപടിയും എടുത്തുകാണുന്നില്ല. അതുകൊണ്ടു് ഗവണ്മെന്റധികൃതർ ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

പുളിംകുന്നു് ടി. എ. ജോസഫ്

ഒല്ലൂരിലെ കള്ളടാക്സികൾ

പരാതികൊണ്ടുചിറയിലും ചിയ്യാരത്തുംകൂടി പത്തു് പ്രൈവറ്റ് കാറുകൾ കള്ളടാക്സിയായി ഓടുന്നു. പോലീസ്, ട്രാൻസ്പോർട്ടു് അതോറിറ്റി എന്നിവരുടെ ശ്രദ്ധയിൽ ഇക്കാര്യം പലപ്രാവശ്യം പെടുത്തിയിട്ടുണ്ടു്. യാതൊരു നടപടികളും എടുത്തുകാണുന്നില്ല. ഇനിയും പലരും കള്ളടാക്സികൊടുക്കുവാൻ പുറപ്പെടുന്നതുണ്ടു്. ശവമെടുക്കലേക്കു് ടാക്സി ഇനത്തിലുമറവും വളരെ വലിയ ഒരു തുക ഈടാക്കുന്നതിൽ നിന്നുംവാഹനങ്ങൾനിയന്ത്രിക്കുകയാണു്. കാലാകാലങ്ങളിൽ കാരുകം ടെസ്റ്റുചെയ്യുന്നതിനാൽ അപകടങ്ങളും ധാരാളം സംഭവിക്കുന്നു. മ

കുടിയന്മാരുടെ കൂത്താട്ടം

വെട്ടുകാടു് മുതലായ പ്രദേശങ്ങളിൽ ചിലർ മദ്യപിച്ചു് ആളുകൾക്കു വഴിനടക്കുവാൻ പാടില്ലാത്ത തരത്തിൽ ആഭാസങ്ങൾ വിചിച്ചുപറയുകയും പ്രവൃത്തിക്കുകയും വഴക്കുകൂടുകയും ചെയ്യുന്നു. ക്ലർ പോലീസ് പ്രത്യേകിച്ച് ഒരു പോസ്റ്റുവച്ചിൽ കൊള്ളും.

പുന്നൂർ, — ഒരു നാട്ടുകാരൻ.

മനുഷ്യത്വത്തിന്റെ മണവും ഗുണവും ഉൾക്കൊള്ളുന്ന കലാസൃഷ്ടികൾ വേണം

പത്മനാഭൻ തമ്പിയുടെ പ്രസംഗം

വള്ളിക്കുന്നു്, മെയ് 9

സംസ്കാരത്തിന്റെ പുരോഗതിക്കു് മനുഷ്യത്വത്തിന്റെ മണവും ഗുണവും ഉൾക്കൊള്ളുന്ന കലാസൃഷ്ടികൾ അനിവാര്യമാണെന്നു കേരള ലളിതകലാ അക്കാദമി സിക്രട്ടറി കെ. പത്മനാഭൻ തമ്പി. ഉൽഘോഷിച്ചു. ചിത്രകലാ ക്യാമ്പിന്റെ സമാപനദിവസം നടത്തിയ കലാപരിപാടികളുടെ ഉൽഘാടനം നിർവ്വഹിക്കുകയായിരുന്നു തമ്പി. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കു് സാഹിത്യകലകൾ എന്നപോലെ ചിത്രകലയും അനിവാര്യമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

ബ്ലോക്ക് ഡവലപ്പ്മെന്റ് കൗൺസർ ഡോ: എം. ഏസ്. ജയസൂര്യൻ അധ്യക്ഷത വഹിച്ചു. ശ്രീ കരുവന്നൂർ രാമചന്ദ്രൻ പ്രസംഗിച്ചു. പ്രതിഭാ ആർട്ട്സ് പ്രസിഡണ്ടു് ടി. പി. ജോജ്ജ് സ്വാഗതവും സി.എം. ഗോപാലകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു. ബാലികമാരുടെ നൃത്തനൃത്യങ്ങളും ക്ലബ്ബംഗങ്ങൾ അഭിനയിച്ച 'ഒരു വഴിയും കുറെ നിഴലുകളും' എന്നു സംഗീത നാടകവുമുണ്ടായിരുന്നു. വാഷിക്കത്തോടനുബന്ധിച്ചു നടത്തിയ സാഹിത്യമത്സരങ്ങളിൽ കണ്ണംസമ്മാനാർഹർക്കു് സമ്മാനം നൽകുകയുണ്ടായി.

....

ചെക്കു്ദേശീയദിനത്തിൽ രാഷ്ട്രപതിയുടെ അഭിവാദ്യം

ന്യൂഡൽഹി, മെയ് 10

ചെക്കോസ്ലോവാക്യയുടെ ദേശീയദിനത്തിൽ അവിടത്തെ പ്രസിഡണ്ടിനും ജനങ്ങളുടെയും അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടു് ഇന്ത്യൻ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ ഒരു സന്ദേശം ചെക്കു് പ്രസിഡണ്ടിനു് അയച്ച കാര്യം ഓർമിക്കുന്നു.

....

ജേളനം ഗ്രാമപഞ്ചായത്തിലെ ഉദയഗിരി പഞ്ചായത്തിലെ ഉദയഗിരി പ്രദേശത്തെ ദേശീയപാതയിൽ അവിടത്തെ പ്രവർത്തകർ ഒരുക്കിയ സ്വീകരണത്തിനും മറുപടി പ്രസംഗത്തിനും ശേഷം കേന്ദ്ര രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ ഒരു സന്ദേശം ചെക്കു് പ്രസിഡണ്ടിനു് അയച്ച കാര്യം ഓർമിക്കുന്നു

ആയുർവേദമണ്ഡലം വാർഷികം

കോട്ടയം മെയ് 11

കേരള ആയുർവ്വേദ മണ്ഡലം 4-ാംവാർഷികം മെ. 22, 23 തീയതികളിൽ കോട്ടയത്തുവെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേന്ദ്രമന്ത്രി മി. ഏ. എം. തോമസ് മെ. പനമ്പിള്ളി ഗോവിന്ദമേനോൻ, പി. കെ. വാസുദേവൻനായർ, തുടങ്ങിയവർ ഈ വാർഷികാഘോഷങ്ങളിൽ പ്രശസ്തിതികളായി സംബന്ധിക്കുന്നതാണു്.

എം. ആൻഡ് ടി. പി. ആക്ട്, ഡ്രഗ്സ് ആക്ട് മുതലായ നിയമങ്ങൾമൂലം ആയുർവ്വേദ ചികിത്സാസമ്പ്രദായം ഉപജീവനത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന ആയുർവ്വേദ ഭിഷഗ്വരന്മാർ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ യോഗത്തിലെ പ്രധാന ചർച്ചാവിഷയമാക്കാൻ ഭാരവാഹികൾ ഉദ്ദേശിക്കുന്നുണ്ടു്. ആയുർവ്വേദ ചികിത്സാസമ്പ്രദായ വികസന പരിപാടികളും ഈ വാർഷികത്തിലെ പ്രധാന ആലോചനാവിഷയങ്ങളിൽ ഉൾപ്പെടുന്ന

നാലാം പഞ്ചവത്സരപദ്ധതിയും കേരളവും (II)

കേരളത്തിന്റെ പദ്ധതിലക്ഷ്യങ്ങളെ ഒന്നൊക്കെയാകണം

കേരളത്തിന്റെ നാലാം പദ്ധതി തയ്യാറാക്കുമ്പോൾ മുന്നിൽ വെയ്ക്കേണ്ട ലക്ഷ്യങ്ങളെന്തൊക്കെയാകണമെന്നത് മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യയുടെ ആകെക്കൂടിയുള്ള നിർദ്ദേശങ്ങൾക്ക് അനുയോജ്യമായിരിക്കാൻ ശ്രദ്ധിക്കണമെന്നതോടൊപ്പം, കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങളും പുറപാടുകളും കണക്കിലെടുക്കണം.

കൃഷിയെ സംബന്ധിച്ച് ഉല്പാദനം പരമാവധി വർദ്ധിപ്പിക്കണം. കടംകൃഷിയിലൂടെ ഇതു സാധിക്കാം. ഇവിടെ കൃഷിഭൂമി താരതമ്യേന കുറവാണ്. ഉല്പാദനത്തോതു് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു് ഇപ്പോൾതന്നെ കൂടുതലുമാണ്. എങ്കിലും പരിഷ്കൃത കൃഷിസമ്പ്രദായങ്ങളും കടംകൃഷിയും സ്വീകരിച്ചു് വരുമാനം ഇനിയും വർദ്ധിപ്പിക്കാം. ഭക്ഷ്യധാന്യങ്ങളിൽ ഇന്നുള്ള കുമ്മി വർദ്ധിക്കാതിരിക്കാനെങ്കിലും കഴിയേണ്ടതാണു്. മത്സ്യവ്യവസായം, കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവ വിപുലീകരിക്കുന്നതിലും ശ്രദ്ധിക്കണം.

ഒന്നും, രണ്ടും പദ്ധതികളിൽ വ്യവസായവളർച്ചയിൽ കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ഉപഭോഗവ്യവസായങ്ങളേയും, സഹായക വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന അനേകമനേകം വ്യവസായികപദ്ധതികളും ഉണ്ടാകണം. പൊതു ഉടമയിലുള്ള ധാരാളം വ്യവസായശാലകളും സ്ഥാപിക്കപ്പെടണം. വ്യവസായശാലകളും സ്ഥാപിക്കുന്ന സ്ഥാപനങ്ങളും തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. സംസ്ഥാനത്തിലേയും കേന്ദ്രത്തിലേയും സ്വകാര്യ വിഭാഗത്തിലേയും വിദഗ്ധന്മാർ ചേർന്ന ഇക്കാര്യം തീരുമാനിക്കുന്നതു് നന്നായിരിക്കും.

സംസ്ഥാനത്തിനു് 22 ലക്ഷം കിലോവാട്ടു് വിദ്യുച്ഛക്തി ഉല്പാദിക്കുന്നതിനുള്ള വിഭവങ്ങളുണ്ടു്. ഇതിന്റെ 8 ശതമാനമേ ഇതിനകം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളു. വിദ്യുച്ഛക്തി മതിയാകാതെവന്നതിനാൽ പദ്ധതി പരിപാടികളുടെ പുരോഗതി തടയപ്പെടുക മാത്രമല്ല അവയ്ക്കു് ആഘാതം സംഭവിക്കുകയും ചെയ്തിട്ടുണ്ടു്. വിദ്യുച്ഛക്തി പദ്ധതികളുടെ നടത്തിപ്പിനു് വെളിയിൽനിന്നു സഹായം ലഭിക്കേണ്ടതു് അത്യാവശ്യമാകുന്ന 10 കോടി രൂപയ്ക്കു മേൽ ചിലവുള്ള പദ്ധതികൾക്കെങ്കിലും ഇതു് കൂടിയേ കഴിയൂ.

ഉല്പാദസഞ്ചാര വ്യവസായം വർദ്ധിപ്പിക്കുന്നതിനുള്ള വൻസാദ്ധ്യതകളാകെ കേരളത്തിനുണ്ടു്. നല്ല ഹോട്ടലുകളും യാത്രാസൗകര്യങ്ങളും ഉണ്ടായെങ്കിൽ മാത്രമേ വിദേശസഞ്ചാരികളെ ഇങ്ങോട്ടു് ആകർഷിക്കുവാൻ കഴിയൂ. അതിനാൽ ലോകസഞ്ചാരികളെ ഉദ്ദേശിച്ചു, കോവളം, തേക്കടി തുടങ്ങിയവപോലെയുള്ള പ്രകൃതി മനോഹരസ്ഥലങ്ങളിലെ സൌകര്യങ്ങളും വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം.

ഈ ലക്ഷ്യങ്ങളെല്ലാം സാധിക്കുന്നതിനുവേണ്ടിയാണു് 4-ാം പദ്ധതിക്കാലത്തു് 1020 കോടി രൂപാ ചിലവുവരുന്ന പരിപാടികളും നടപ്പിൽ വരണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഈ പരിപാടികളും നടപ്പിൽ വരുത്തുന്നതിന്റെ ഫലമായി നാലാംപദ്ധതിക്കാലത്തു് സംസ്ഥാനത്തിന്റെ വരുമാനം 43.6 ശതമാനം കണ്ടു വർദ്ധിക്കുമെന്നു് കണക്കാക്കിയിരിക്കുന്നു. ആളാം പ്രതിയുള്ള വരുമാനം 1965-66-ൽ 303 രൂപായും, 1970-71 ൽ 390 രൂപായും വർദ്ധിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

നാലാംപദ്ധതിയുടെ ആരംഭത്തിൽ തൊഴിൽ ലഭിക്കേണ്ടവരായി 8.45 ലക്ഷം പേരുണ്ടാകും. പദ്ധതിക്കാലത്തു് 9.11 ലക്ഷം പേർക്കു് തൊഴിലുണ്ടാകേണ്ടതായിവരും. അങ്ങിനെ 17.56 ലക്ഷം പേർക്കു് തൊഴിലുണ്ടാകണം. പദ്ധതിയ്ക്കു മുടക്കുവാൻ ഉദ്ദേശിക്കുന്ന തുക പരിഗണിക്കുമ്പോൾ 12.41 ലക്ഷം പേർക്കു് ജോലി ലഭിക്കും. അങ്ങിനെ പദ്ധതി അവസാനിക്കുമ്പോൾ തൊഴിലില്ലാത്തവരായി 5.15 ലക്ഷം പേർ ശേഷിയ്ക്കും.

(കെ. പ്ര)

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, മേയു് 10

മേയു് 18, 19 എന്നീ തീയതികളിൽ ഉച്ചയ്ക്കു് 12-30നു് ഉദുമ റോക്കറ്റു് വിക്ഷേപണകേന്ദ്രത്തിൽനിന്നും ഇന്ധിഡാർട്ടു് ഇനത്തിൽപ്പെട്ട ഓരോ റോക്കറ്റു വിക്ഷേപണം ചെയ്യുന്നതാണു്.

മെഡിക്കൽക്കോളേജ് നിയമനങ്ങളും

കോട്ടയം മെഡിക്കൽക്കോളേജിലെ റേഡിയോളജി അസിസ്റ്റൻറു് പ്രൊഫസ്സർ ഡോ: തോമസ് സ്റ്റീഫനു് ഉദ്യോഗക്കയറ്റം നൽകി കോഴിക്കോടു് മെഡിക്കൽക്കോളേജിൽ റേഡിയോളജി അസ്സോസിയേറ്റു് പ്രൊഫസ്സറായി നിയമിച്ചിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജു് റേഡിയോളജി അസിസ്റ്റൻറു് പ്രൊഫസ്സർ ഡോ: സി പി. മാത്യുവിനെ കോട്ടയം മെഡിക്കൽ കോളേജിൽ റേഡിയോളജി അസിസ്റ്റൻറു് പ്രൊഫസ്സറായും, കോഴിക്കോടു് മെഡിക്കൽകോളേജു് റേഡിയോളജി അസിസ്റ്റൻറു് പ്രൊഫസ്സർ ഡോ: കെ. കെ. ഗംഗാധരനെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോളജി അസിസ്റ്റൻറു് പ്രൊഫസ്സറായും നിയമിച്ചിട്ടുണ്ടു്.

അനിമൽ ഹസ്ബൻഡ്രി നിയമനങ്ങളും

തളിപ്പറമ്പു് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററിലെ അനിമൽഹസ്ബൻഡ്രി ഇൻസ്ട്രക്ടർ ശ്രീ. ബി. പി. ഗോപാലകൃഷ്ണനെ പ്രൊമോട്ടു് ചെയ്തു് ശ്രീ. സി. എം. തോമസ്സിന്റെ അഭാവത്തിൽ കോഴിക്കോടു് ഡിസ്ട്രിക്ടു് വെറ്ററിനറി ആഫീസറായി നിയമിച്ചിരിക്കുന്നു.

ശാസ്താംകോട്ട കീ വില്ലേജു് ഓഫീസർ ശ്രീ. ആർ. കൃഷ്ണസ്വാമിയെ പ്രൊമോട്ടു് ചെയ്തു് ചാലക്കുടി ക്രോസ് ബ്രീഡിംഗ് സ്റ്റേഷൻ സീനിയർ ആഫീസർ ആയും, കണ്ണൂർ വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജൻ ശ്രീ. പി സി, രാമകൃഷ്ണൻ നമ്പ്യാരെ പ്രൊമോട്ടു ചെയ്തു് തൃശ്ശൂർ വെറ്ററിനറികോളേജിൽ ഫോഡർ ഡവലപ്പ്മെൻറു് ആഫീസറായും നിയമിച്ചിട്ടുണ്ടു്.

ശാന്തിനികേതൻ സ്റ്റഡി കോഴ്സു്

ഹിന്ദി പ്രചാര പരിഷത്തു് വിദ്യാലയത്തിൽ ശനിയാഴ്ചതോറും നടത്താൻ ഉദ്ദേശിച്ചിട്ടുള്ള ശാന്തിനികേതൻ സ്റ്റഡികോഴ്സിന്റെ ഉൽഘാടനം പാളി ഗ്രാമസഹായക ട്രെയിനിംഗു് കോളേജു് പ്രിൻസിപ്പൽ ശ്രീ. ഭീമൻനായർ നിർവഹിച്ചിരിക്കുന്നു.

ശ്രീസ്വാതിതിരുനാൾ സംഗീത കോളേജു് പ്രവേശനം

ശ്രീസ്വാതിതിരുനാൾ സംഗീതകോളേജു് മദ്ധ്യവേനൽ അവധികഴിഞ്ഞു് ജൂൺ ഒന്നാം തീയതി തുറക്കുന്നതാണു്. സംഗീതം, വീണ, വയലിൻ, മൃദംഗം, ഡാൻസു് എന്നിവയിലുള്ള ഗാനഭൂഷണം കോഴ്സുകൾക്കു് കോളേജിൽ പ്രവേശനം നൽകുന്നതാണു്. പ്രവേശനത്തിനുള്ള അപേക്ഷകൾ കോളേജിൽനിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ 1965 ജൂൺ ഒന്നാംതീയതിക്കകം കോളേജിൽ കിട്ടത്തക്കവണ്ണം നിർദ്ദിഷ്ട സർട്ടിഫിക്കറുകൾ സഹിതം അയച്ചിരിക്കണം. പ്രാക്ടിക്കൽ ടെസ്റ്റു് നടത്തുന്ന തീയതി അപേക്ഷകരെ പിന്നീടു് അറിയിക്കുന്നതായിരിക്കും.

ഇരുമ്പു്-ഉരുക്കു് സാധനങ്ങളുടെ ഇറക്കുമതി

ഇരുമ്പും ഉരുക്കും ഇറക്കുമതി ചെയ്യുന്നതിനു് യഥാർത്ഥ ഉപഭോക്താക്കളിൽനിന്നും വ്യവസായ-വാണിജ്യഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. നിശ്ചിത ഫാറത്തിലുള്ള അപേക്ഷകളുടെ മൂന്നു പ്രതികൾ ജില്ലാ വ്യവസായ ആഫീസർമാർ മുഖേനയാണു് അയയ്ക്കേണ്ടതു്. ചിലയിനം ഇരുമ്പു സാധനങ്ങൾക്കു് അപേക്ഷിക്കുന്നവർ അപേക്ഷയുടെ ഒരു പ്രതി മദ്രാസിലെ അസിസ്റ്റൻറു് അയൺ ആൻറു് സ്റ്റീൽ കൺട്രോളർക്കും അയയ്ക്കേണ്ടതാണു്, അപേക്ഷകൾ ജൂൺ 15-ാം തീയതിക്കകം ജില്ലാ വ്യവസായ ആഫീസർമാർക്കു് കിട്ടിയിരിക്കണം. നിശ്ചിത അപേക്ഷാഫാറവും ഇതു സംബന്ധിച്ച വിശദവിവരങ്ങളും ജില്ലാ വ്യവസായആഫീസുകളിൽനിന്നും ലഭിക്കുന്നതാണു്.

മുനിസിപ്പൽ കമ്മീഷണർ മാരുടെ തിരഞ്ഞെടുപ്പു്

23-2-1965 ലെ ഗസറ്റിൽ വിജ്ഞാപനമനുസരിച്ചു് 150-350 സ്ലൈയിലിൽ ഗ്രേഡ്-III കാരിൽനിന്നു് മുനിസിപ്പൽ കമ്മീഷണർമാരുടെ തിരഞ്ഞെടുപ്പിനു് അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കു് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോടു് എന്നിവിടങ്ങളിൽവച്ചു് മൂന്നു മണിക്കൂർ നേരത്തെ (കാലത്തു് 10 മണി മുതൽ) ഒരു എഴുത്തുപരീക്ഷ മേയു് 29നു നടക്കുന്നതാണു്. തിരുവനന്തപുരത്തു് സെൻറു് ജോസഫ്സു് ഹൈസ്കൂളിലും, തൃശ്ശൂരിൽ മോഡൽഗേൾസു് ഹൈസ്കൂളിലും, കോഴിക്കോട്ടു് മലബാർ ക്രിസ്ത്യൻ കോളേജിലുമായിരിക്കും സെൻറു് മൈക്കിൾ ഹാളിൽ ടിക്കറ്റുകൾ മേയു് 18-നു മുതൽക്കു്. അയച്ചു തുടങ്ങുന്നതാണു്. മേയു് 24-നു വൈകുന്നേരം 4 മണിക്കകം ഹാളിൽ ടിക്കറ്റുകൾ കിട്ടാത്തവർ മേയു് 25, 26 തീയതികളിൽ പബ്ലിക് സർവീസു് കമ്മീഷൻ സിക്കുറ്ററിയെ ആഫീസു് സമയത്തു് സമീപിക്കേണ്ടതാണു്.

.....

അവോക്കാൻ ലോനപ്പന്റെ ശവസംസ്കാരകർമ്മം

(സ്വ. ലേ.) തൃശ്ശൂർ, മേ. 11

ഇന്നലെ നിര്യാതനായ ശ്രീ അവോക്കാൻ ലോനപ്പന്റെ ശവസംസ്കാരകർമം, റവ: ഫാ. സിറിയക് മേനാച്ചേരിയുടെ പ്രധാന കാർമികത്വത്തിലും മറ്റനേകം ബ. വൈദികരുടെ സഹകാർമികത്വത്തിലും ഇന്നു സായാഹ്നത്തിൽ നെല്ലിക്കുന്നു് പള്ളി സെമിത്തേരിയിൽ നിർവ്വഹിക്കപ്പെടുമെന്നറിയുന്നു. ശവസംസ്കാരച്ചടങ്ങിൽ വന്നുചേരുന്ന ജനക്കൂട്ടം സംബന്ധിക്കുകയുണ്ടായി.

കർഷക-തൊഴിലാളി പാർട്ടിയുടെ കേന്ദ്രകമ്മറ്റി ഓഫീസായ മോസ്കോ റവ. ഡോ. ജയിംസ് റോബർട്ടു് നോക്സ് തിരുമേനി പ്രധാനകാർമികനും കൽക്കട്ടാ ആർച്ച്-ബിഷപ്പു് ഡോ. എ. വി. ഡിസൂസാ, ചിക്കമംഗലൂർ ബിഷപ്പു് റൈറ്റ് റവ. ഡോ. എ. മത്തീയാസു് എന്നിവർ സഹകാർമികരുമായിരുന്നു. ചടങ്ങു് മൂന്നുമണിക്കൂർ ദീർഘിച്ചു. ചടങ്ങിനൊടുവിൽ സമാപനത്തിൽ റൈറ്റ് റവ. ഡോ. എ. മത്തി [ചിക്കമംഗലൂർ ബിഷപ്പു്] മരണം സംഭവിച്ചു.

കോഴിക്കോടു്, ഊട്ടി, ബൽഗാം, തലശ്ശേരി, മൈസൂർ, ബെല്ലാരി എന്നിവിടങ്ങളിലെ മെത്രാനമാരും ജാൻസി സഹായമെത്രാനും നൂറുകണക്കിനു് വൈദികരും കന്യാസ്ത്രീകളും ചടങ്ങിൽ സംബന്ധിച്ചു.

അന്തരിച്ചതനായ മെത്രാൻ തിരുമേനി മംഗലാപുരത്തു ജനിച്ചു. 1926 മെയ് 23-ാംതീയതി ജനിച്ച തിരുമേനിക്കു് ഇപ്പോൾ 39 വയസ്സുണ്ടു്. മംഗലാപുരത്തു് വിദ്യാഭ്യാസം നടത്തിയ തിരുമേനി 1952 മാർച്ചു് 25-ാംതീയതി വൈദിക പട്ടമേറ്റു.

മംഗലാപുരത്തെ കൊടിയാൽബെയിൽ സെൻറു് ജോസഫ്സു് സെമിനാരിയിലും, റോമിലെ പൊന്തിഫിക്കൽ അർബൻ കോളേജിലുമായിരുന്നു തുടർന്നുള്ള പഠനം.

മംഗലാപുരം രൂപതയുടെ മെത്രാനായിരുന്ന ബിഷപ്പു് ഫ്രാൻസിസു് മത്യാസു് പെരേരയുടെ മരണത്തെത്തുടർന്നു് 1961 ഡിസംബർ 27നു് മംഗലാപുരം രൂപതയുടെ മെത്രാനായി തിരുമേനി നിയമിതനായി. 1962 ഫെബ്രുവരി 25നു് മംഗലാപുരം കത്തീഡ്രലിൽ നടന്ന ഗംഭീരവും വർണ്ണശബളവുമായ ഒരു ചടങ്ങിൽവച്ചു് റൈറ്റ് റവ. മോൺ. ബേസിൽ ഡിസൂസാ മംഗലാപുരം രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.

അപ്പസ്തോലിക് ഇൻറർ നൺഷിയോ മോസ്റ്റ്റവ. ഡോ. ജയിംസ് റോബർട്ടു് നോക്സ് തിരുമേനി പ്രധാനകാർമികനും കൽക്കട്ടാ ആർച്ച്-ബിഷപ്പു് ഡോ. എ. വി. ഡിസൂസാ, ചിക്കമംഗലൂർ ബിഷപ്പു് റൈറ്റ് റവ. ഡോ. എ. മത്തീയാസു് എന്നിവർ സഹകാർമികരുമായിരുന്നു. ചടങ്ങു് മൂന്നുമണിക്കൂർ ദീർഘിച്ചു. ചടങ്ങിനൊടുവിൽ സമാപനത്തിൽ റൈറ്റ് റവ. ഡോ. എ. മത്തി [ചിക്കമംഗലൂർ ബിഷപ്പു്] മരണം സംഭവിച്ചു.

കോഴിക്കോടു്, ഊട്ടി, ബൽഗാം, തലശ്ശേരി, മൈസൂർ, ബെല്ലാരി എന്നിവിടങ്ങളിലെ മെത്രാനമാരും ജാൻസി സഹായമെത്രാനും നൂറുകണക്കിനു് വൈദികരും കന്യാസ്ത്രീകളും ചടങ്ങിൽ സംബന്ധിച്ചു.

അന്തരിച്ചതനായ മെത്രാൻ തിരുമേനി മംഗലാപുരത്തു ജനിച്ചു. 1926 മെയ് 23-ാംതീയതി ജനിച്ച തിരുമേനിക്കു് ഇപ്പോൾ 39 വയസ്സുണ്ടു്. മംഗലാപുരത്തു് വിദ്യാഭ്യാസം നടത്തിയ തിരുമേനി 1952 മാർച്ചു് 25-ാംതീയതി വൈദിക പട്ടമേറ്റു.

മംഗലാപുരത്തെ കൊടിയാൽബെയിൽ സെൻറു് ജോസഫ്സു് സെമിനാരിയിലും, റോമിലെ പൊന്തിഫിക്കൽ അർബൻ കോളേജിലുമായിരുന്നു തുടർന്നുള്ള പഠനം.

മംഗലാപുരം രൂപതയുടെ മെത്രാനായിരുന്ന ബിഷപ്പു് ഫ്രാൻസിസു് മത്യാസു് പെരേരയുടെ മരണത്തെത്തുടർന്നു് 1961 ഡിസംബർ 27നു് മംഗലാപുരം രൂപതയുടെ മെത്രാനായി തിരുമേനി നിയമിതനായി. 1962 ഫെബ്രുവരി 25നു് മംഗലാപുരം കത്തീഡ്രലിൽ നടന്ന ഗംഭീരവും വർണ്ണശബളവുമായ ഒരു ചടങ്ങിൽവച്ചു് റൈറ്റ് റവ. മോൺ. ബേസിൽ ഡിസൂസാ മംഗലാപുരം രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.

വാദി പ്രതിയായി

തളിപ്പറമ്പു്, മേ. 10

തളിപ്പറമ്പു് താലൂക്കിൽപ്പെട്ട പടവ്വേങ്ങട്ടു് എന്ന സ്ഥലത്തു് തന്റെ സഹോദരനായ മൈക്കനപ്പത്തു രാഘവൻ, അയാളുടെ ഒരു ഏക്കർ ഭൂമിയെ ഇവിടത്തുകാരായ പൊന്നമ്പാടൻ നാരായണൻ, കല്ലാനാരായണൻ, ചാലിൽ കണ്ണനാകരൻ, എന്നിവർകൂടി കട്ടുകൊണ്ടുപോയി എന്നു പറഞ്ഞുകൊണ്ടു് തളിപ്പറമ്പു പോലീസിൽ ഒരു പരാതി ബോധിപ്പിച്ചതനുസരിച്ചു് പോലീസു് അന്വേഷണം നടത്തിയതിൽ പ്രസ്തുത എക്കറായെ പരാതിക്കാരൻതന്നെ കളിപ്പിച്ചുവെച്ചതാണെന്നു തെളിഞ്ഞ ഒരു സംഭവമായിരിക്കുന്നു. ഇതിനെത്തുടർന്നു് പരാതിക്കാരന്റെ പേരിൽ പോലീസു് ഒരു കേസ്സു് ചാർജ്ജു് ചെയ്തു് അന്വേഷണം നടത്തിവരുന്നതായി അറിയുന്നു.

—

മറുള്ള സമുദായങ്ങളും കൊപ്പം മുസ്ലിംസമുദായവും മുന്നേറണം
ഇസ്ലാമിക് സെമിനാറിൽ ഉമ്മർകോയ

എറണാകുളം, മേ. 10

മതവിദ്യാഭ്യാസത്തിലും ആധുനിക വിദ്യാഭ്യാസത്തിലും മുസ്ലിംസമുദായത്തെ അറിവുള്ള സമുദായമാക്കി മാറ്റാൻ ഒരു പരിപാടി ആവശ്യമാണെന്നു് ഇവിടെവച്ചു നടക്കുന്ന കേരള ഇസ്ലാമിക് സെമിനാറിൻറെ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് മൻമന്ത്രി പി. പി. ഉമ്മർകോയ അഭിപ്രായപ്പെട്ടിരിക്കുന്നു.

മറ്റു സമുദായങ്ങൾക്കൊപ്പം എന്തെങ്കിലുമൊക്കെ തങ്ങൾക്കുമുണ്ടെന്നും അതു് ഉടൻതന്നെ പ്രസ്താവിച്ചു.

സംസ്ഥാനാടിസ്ഥാനത്തിൽ നടക്കുന്ന ഈ സെമിനാർ മുൻ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ മെമ്പർ ശ്രീ കഞ്ഞിപ്പുക്കി ഉൽഘാടനംചെയ്തു. ശ്രീ സാലെ മുഹമ്മദ്സേട്ടു് എം. പി., എസ്. വീർമുഹമ്മദ്, എ. എ റഹിം എന്നിവർ പ്രസംഗിച്ചു.

സ്വാഗതസംഘാധ്യക്ഷൻ ശ്രീ സയ്യിദ് മഹയുദ്ദീൻഷാ സ്വാഗതം പറഞ്ഞു. സെക്രട്ടറി ഇ. കെ. മുഹമ്മദ് റിപ്പോർട്ടവായിച്ചു.

പൊതുസമ്മേളനത്തെത്തുടർന്നു് വേനൽ വിദ്യാഭ്യാസസമ്മേളനത്തിൽ വിദ്യാഭ്യാസസെക്രട്ടറി ശ്രീ പി. കെ. അബ്ദുള്ള അദ്ധ്യക്ഷതവഹിച്ചു. ശ്രീ മഹമ്മദ്കോയാ ഉൽഘാടനവും നടത്തി.

—

ചെമ്മണ്ണൂർ ടോഹി

കുറിയച്ചിറ, 10

കുറിയച്ചിറ ജവഹർ സോഷ്യൽ ആർട്സ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ചെമ്മണ്ണൂർ ടോഹിക്കുവേണ്ടിയുള്ള 6-ാം വാർഷിക ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ഫൈനൽ മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോൾ എടുത്തുകാണ്ടു് സെവൻസ്റ്റാർസ്സ് A. ടീം സെവൻസ്റ്റാർസ്സ് B ടീമിനെ പരാജയപ്പെടുത്തിയിരിക്കുന്നു. ഇടർന്നു് ക്ലബ്ബു് പ്രസിഡണ്ടു് സി. പി. എൻ‌നീയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ചു് ശ്രീ ഏ. ജെ. ഫ്രാൻസീസു് വിജയികൾക്കു് ചെമ്മണ്ണൂർ ടോഹിയും, റണ്ണേഴ്സു് അപ്പീനുള്ള ഉഷാ റേഡിങ്സ് ട്രോഫിയും, കടവിലോനപ്പൻ മെമ്മോറിയൽ വക ബൽകപ്പും, റോയൽ വാച്ചു് കമ്പനിക്കാരുടെ വക ഗിഫ്റ്റു് കളിക്കാർക്കുള്ള സ്പെഷൽ മെഡലുകളും നൽകുകയുണ്ടായി. ജോയൻറു് സെക്രട്ടറി പ്രൊ. സി. ഫ്രാൻസീസു് സ്വാഗതവും ട്രഷ്ണർ കുമാരി കണ്ണമ്പിനർ കെ. വി. ഫ്രാൻസീസു് നന്ദിയും രേഖപ്പെടുത്തി.

.....

സംയുക്തവാർഷികം

ആലപ്പുഴ, മേ. 10

സെൻറു് ബനഡിക്റ്റസ് സോഷ്യൽ സർവ്വീസു് ലീഗിന്റെയും, ബൈ. സി. ഡബ്ലിയു യൂണിറിന്റെയും യുവതൊഴിലാളി വായനശാലയുടേയും 8-ാമതു സംയുക്തവാർഷികം ആറാട്ടുവഴി മൈതാനത്തുവച്ചു് കഴിഞ്ഞ ഞായറാഴ്ച രാവിലെ 10-30നു് മോൺ. ജെ. പുരയ്ക്കൽ പതാകയുയർത്തൽകർമ്മം നിർവ്വഹിച്ചതോടുകൂടി ആരംഭിക്കുകയുണ്ടായി. വൈകുന്നേരം 5-30നു് ഫാൻസി ഡ്രസ്സു് മത്സരവും തുടർന്നു പൊതുസമ്മേളനവും നടത്തപ്പെട്ടു. കെ. കെ. വർഗ്ഗീസ് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. എസ്. ബനഡിക്റ്റസ് സ്വാഗതം ആശംസിച്ചു. മട്ടുത്തുവക്കി സമ്മേളനം ഉൽഘാടനംചെയ്തു. ജി. ബാലചന്ദ്രൻ, ജെയ്ക്കബ്ബു്, റാഫേൽ മുതലായവർ യോഗത്തിൽ പ്രസംഗിച്ചു. വി. എം. മൈക്കിൾ കൃതജ്ഞതയും പ്രകടിപ്പിച്ചു. രാത്രി 10 മണിക്കു് ആലപ്പുഴ റിപ്പബ്ലിക്ക് തിയേറേഴ്സ് (ബാലവിഭാഗം) അവതരിപ്പിച്ച തെരുവിലെ പ്രേതം' എന്ന ഏകാങ്കനാടകവും, 'കണ്ണീരിൽ കതിരിന്ന ഹൃദയം' എന്ന സംഗീതനാടകവും വളരെ ഭംഗിയായി അവതരിപ്പിക്കുകയുണ്ടായി.

.....

വിരുന്നു നന്നു

പടിഞ്ഞാറേമുറി, മെ. 11

വിരുന്നുകാർ വന്നപ്പോൾ കള്ളനായിരിക്കുമെന്നു ധരിച്ചു വീട്ടിലെ സ്ത്രീകൾ നിലവിളിച്ചിട്ടിയ രസകരമായ ഒരു സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു. സംഭവം കഴിഞ്ഞ ഞായറാഴ്ച രാത്രി ഇവിടെ ഒരു വീട്ടിൽ വന്നു. കള്ളന്മാരെ കരുതിച്ചു യേവിഹലരായിരിക്കുന്ന ഇവിടത്തെ സ്ത്രീകൾ ഉറക്കെ നിലവിളി തുടങ്ങി. ആളുകൾ ഓടിവന്നപ്പോൾ കള്ളനല്ലെന്നും സ്വന്തക്കാരനാണെന്നും മനസ്സിലാവുകയും, വടിയുമെടുത്തോടിവന്നവർ വടിയുമായി തിരിച്ചുപോവുകയും ചെയ്തു.

....

പള്ളിവെഞ്ചരിപ്പും വാർഷികവും

പുത്തൻവേലിക്കര, മേ. 10

പുത്തൻവേലിക്കര "ഇൻഫൺറ്റ് ജീസസ് ചർച്ചി"നോടനുബന്ധിച്ചു് പുതുതായി പണികഴിപ്പിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പുകർമ്മം തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ: ജോഷ്വാ ആലപ്പാട്ടു് തിരുമേനി നിർവ്വഹിക്കുകയുണ്ടായി. കുട്ടികൾക്കു് തിരുമേനി സ്വൈരൃലേപനവും നല്കി. പ്രസ്തുത പള്ളിയിലെ മരിയാസംഘത്തിന്റെ വാർഷികയോഗത്തിൽ തിരുമേനി അദ്ധ്യക്ഷതവഹിച്ചു. കുമാരി എൽ. ടി. പ്രസംഗിച്ചു. വികാരി ഫാദർ ജോൺ ചൊവ്വല്ലൂർ സ്വാഗതമാശംസിച്ചു. രാത്രിയിൽ "വേദനയുടെ താഴ്വരയിൽ" എന്ന നാടകം സഭാംഗങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

....

വിദ്യാർത്ഥികളുടെ ദുരവസ്ഥ

ആലപ്പുഴ മേ 11

ആലപ്പുഴ തിരുമല ദേവസ്വംമിഡിൽ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം. 7-ാം സ്റ്റാൻഡേർഡിൽ ഈ വർഷം ജയിച്ച കുട്ടികൾക്കു് മേൽക്ലാസ്സുകളിൽ ഇടംനൽകുവാൻ നിവൃത്തിമില്ലാത്തഅവസ്ഥയാണു് വന്നിരിക്കുന്നതു്. പ്രസ്തുത സ്കൂളിൽ 8-ാം സ്റ്റാന്റേർഡ് മുതലുള്ള ക്ലാസ്സുകൾ ഇല്ല. പിന്നിട് ഈ സ്ഥലത്തു് ഇംഗ്ലീഷ് മീഡിയം ഹയർ ക്ലാസ്സുകൾ ഉള്ളതു് ഒരു സ്കൂളിൽ മാത്രമാണു്. അവിടേയും കുട്ടികളെ എടുക്കുന്നില്ലെന്നും അറിവായിരിക്കുന്നു. ഈ സ്ഥിതിക്കു് തിരുമല ദേവസ്വം സ്കൂളിൽനിന്നും 7-ാം സ്റ്റാന്റേഡ് പാസ്സായ 34 കുട്ടികളുടെ സ്ഥിതി എന്തെന്നുള്ളതു് അധികാരികം തീരുമാനിക്കേണ്ടതാണു്.

....

മദ്യപിച്ചുവെന്നു് പോലീസുകാർ ഇല്ലായെന്നു് ഡോക്ടർ

(സ്വ ലേ) തളിപ്പറമ്പു്, മേ. 10

ഇവിടെ ടൌണിൽ മദ്ധ്യവില്പനയും മാരകം നടത്തിവന്നിരുന്ന ഒരാളെ ഇന്നലെ മദ്യപിച്ചു വഴിയേപോകുന്നവരേയും മാരകം അസഭ്യമായരീതിയിൽ അക്രമിക്കുന്നുവെന്നു് പീത്തപാറമ്പിൽ മുഹമ്മദു് പോലീസു് അറസ്റ്റുചെയ്തു. ഡോക്ടർ സർട്ടിഫിക്കറിന്നായി സമീപിച്ചപ്പോൾ മദ്യപിച്ചതായി കാണുന്നില്ലയെന്നു് പറഞ്ഞതിനെത്തുടർന്ന